**നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം**

പോലീസ് ഉദ്യോഗസ്ഥരുടെ ആത്മഹത്യ

മി. സ്പീക്കർ: ഔദ്യോഗിക ജീവിതത്തിലെ സമ്മർദ്ദങ്ങളും ജോലി ഭാരവും നിമിത്തം പാറശ്ശാല സ്വദേശി മദനകുമാർ ഉൾപ്പെടെ നിരവധി പോലീസുദ്യോഗസ്ഥർ ആത്മഹത്യ ചെയ്തതായി പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിനായി നടപടികൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപം പരിഗണനയ്ക്കെടുക്കണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. സി. വിഷ്ണുനാഥ്, പി. ഉബൈദുള്ള, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, തിരുവനന്തപുരം പരശുവയ്ക്കൽ സ്വദേശിയും സിവിൽ പോലീസ് ഓഫീസറുമായ മദനകുമാറിനെ 24-06-2024-ന് ക്വാർട്ടേഴ്സിൽ ആത്മഹത്യ ചെയ്യപ്പെട്ട നിലയിൽ കാണപ്പെടുകയുണ്ടായി. സംഭവത്തിൽ പൂന്തുറ പോലീസ് സ്റ്റേഷനിൽ 828/24 ക്രൈം നമ്പരായി കേസ് രജിസ്റ്റർ ചെയ്ത് പോലീസ് അന്വേഷിച്ചുവരുന്നു. ഇദ്ദേഹത്തിന് കുടുംബ

പ്രശ്നങ്ങളുള്ളതിനാൽ കുറച്ചുനാളുകളായി കുടുംബവുമായി അകന്നു കഴിയുകയായിരുന്നുവെന്നും ഒപ്പം ജോലിയിൽനിന്നും വിട്ടുനിന്നിരുന്നതായും അറിയാൻ സാധിച്ചിട്ടുണ്ട്. സേനാംഗങ്ങൾക്കിടയിലെ ആത്മഹത്യയ്ക്കുള്ള കാരണങ്ങളിൽ കൂടുതലും കുടുംബപ്രശ്നങ്ങളും സാമ്പത്തിക പ്രശ്നങ്ങളും പല തരത്തിലുള്ള ആരോഗ്യ പ്രശ്നങ്ങളും കൂടാതെ ഇതിൽനിന്നും ഉരുത്തിരിയുന്ന മാനസിക സംഘർഷങ്ങളുമാണെന്നാണ് പൊതുവെ കണ്ടിട്ടുള്ളത്. എന്നാൽ ഔദ്യോഗിക ജീവിതത്തിലെ പ്രശ്നങ്ങളും ആത്മഹത്യകൾക്ക് വഴിവച്ചിട്ടുണ്ടെന്നുള്ളതും യാഥാർത്ഥ്യമാണ്. ഇത്തരത്തിൽ കാണുന്ന ആത്മഹത്യാ പ്രവണതകൾ കുറയ്ക്കുന്നതിനുള്ള ശ്രമങ്ങൾ എല്ലാ ഘട്ടത്തിലും സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. ആധുനികകാലത്ത് തൊഴിലിടങ്ങളിൽ ജീവനക്കാർ അനുഭവിക്കുന്ന മാനസിക സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനുള്ള വിവിധ തരത്തിലുള്ള ഇടപെടലുകളാണ് നിലനിൽക്കുന്നത്. മാറിയ ജീവിത നിലവാരവും ജീവിത ശൈലിയും സമൂഹത്തിൽ വരുത്തിയ മാറ്റം സമൂഹത്തിന്റെ എല്ലാ മേഖലയിലുമെന്നപോലെ പോലീസ് ഉദ്യോഗസ്ഥരുടെ ജീവിതത്തിലും പല തരത്തിൽ സ്വാധീനിച്ചിട്ടുണ്ട്. തിരക്കേറിയ ജീവിതവും തുറന്ന ആശയവിനിമയത്തിന്റെ അഭാവവും ആളുകളിൽ മാനസ്സിക സംഘർഷം

വർദ്ധിപ്പിക്കാനിടയാക്കിയിട്ടുണ്ട്. പോലീസുദ്യോഗസ്ഥർക്കിടയിൽ ആത്മഹത്യാ പ്രവണത ഇല്ലാതാക്കുന്നതിനും മാനസിക സംഘർഷം കുറയ്ക്കുന്നതിനും പോലീസ് വകുപ്പും സർക്കാരും നിരവധി കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്. 2017-ൽ ആരംഭിച്ച HATS (Help and Assistance to Tackle Stress) സംവിധാനംവഴി മാനസിക സംഘർഷം നേരിടുന്ന പോലീസ് ഉദ്യോഗസ്ഥരെ കണ്ടെത്തി കൗൺസിലിംഗും യോഗയുമുൾപ്പെടെയുള്ള പരിശീലന പരിപാടികളും നടത്തിവരുന്നു. ജില്ലാതലത്തിൽ കൗൺസിലർമാരേയും സൈക്കോളജിസ്റ്റുകളേയും വനിതാ പോലീസ് ഉദ്യോഗസ്ഥരേയും ഉൾപ്പെടുത്തി കുടുംബ കൗൺസിലിംഗ് സംവിധാനങ്ങൾക്കായി TCRC (Domestic Conflict Resolution Centre) പ്രവർത്തിച്ചുവരുന്നത് പോലീസുദ്യോഗസ്ഥരുടെ കുടുംബപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഉപയോഗിച്ചുവരുന്നുണ്ട്. സ്റ്റേഷനുകളിൽ തുറന്ന ആശയവിനിമയത്തിനായി വിവിധ കാരണങ്ങളാലുള്ള മാനസ്സിക സമ്മർദ്ദം ലഘൂകരിക്കുന്നതിനും മുതിർന്ന പോലീസുദ്യോഗസ്ഥരെ ഉപയോഗിച്ച് മെന്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കേരളാ പോലീസ് ആക്ട് സെക്ഷൻ 104-ലെ വ്യവസ്ഥ പ്രകാരമുള്ള പോലീസ് വെൽഫെയർ ബ്യൂറോ രൂപീകരിച്ചിട്ടുണ്ട്. സേനാംഗങ്ങളുടെയും അടുത്ത കുടുംബാംഗങ്ങളുടെയും ഗുരുതരമായ അസുഖങ്ങളുടെയും

അപകടങ്ങളുടെയും സന്ദർഭത്തിൽ ചികിത്സയ്ക്കായി 3 ലക്ഷം രൂപവരെ ഗ്രാന്റായും 3 ലക്ഷം രൂപവരെ പലിശരഹിത വായ്പയായും അനുവദിച്ചുവരുന്നു. സർവ്വീസിലിരിക്കെ മരണപ്പെടുന്ന അവസരത്തിൽ ഒരുലക്ഷം രൂപവരെയും ഡ്യൂട്ടിയിലിരിക്കെ മരണപ്പെടുകയാണെങ്കിൽ 2 ലക്ഷം രൂപയും ധനസഹായമായി അനുവദിക്കുന്നു. ഇതിനുപുറമെ കേരള പോലിസ് വെൽഫെയർ ആൻഡ് അമിനിറ്റി ഫണ്ടും നിലവിലുണ്ട്. അർഹമായ ലീവുകൾ നൽകുന്നതിനും വീക്ക്ലി ഓഫ് നിർബന്ധമായും നൽകുന്നതിനും സംസ്ഥാന പോലീസ് മേധാവി പ്രത്യേക സർക്കുലർ മുഖാന്തരം നിർദ്ദേശം നൽകിയിട്ടുണ്ട്. മദ്യപാന ശീലമുള്ളവരെ ലഹരിമുക്തരാക്കുന്നതിന് ഡീഅഡിക്ഷൻ സെന്ററുകളെയും സംസ്ഥാനത്തെ വിവിധ സർക്കാർ ആശുപത്രികളെയും സഹകരിപ്പിച്ച് പ്രത്യേകം കർമ്മപദ്ധതികൾ നടത്തിവരുന്നു. സേനാംഗങ്ങളുടെ പരിശീലന കാലയളവിൽത്തന്നെ സാമ്പത്തിക അച്ചടക്കം സംബന്ധിച്ചും ആയോധന കലകളിലുള്ള പരിശീലനംവഴി മനോബലം വർദ്ധിപ്പിക്കുന്ന നടപടികളും മാനസിക പിരിമുറുക്കം കുറയ്ക്കുന്നതിന് പ്രത്യേക പരിശീലന പരിപാടികളും നടത്തുന്നുണ്ട്. പോലീസ് സേനയിൽ 8 മണിക്കൂർ ജോലി എന്നത്

അത്രവേഗത്തിൽ നടപ്പിലാക്കാൻ സാധിക്കുന്ന കാര്യമല്ല. എന്നാൽ ഈ ലക്ഷ്യം മുൻനിർത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടത്തിവരുന്നത്. തിരക്കേറിയ പ്രധാനപ്പെട്ട 52 സ്റ്റേഷനുകളിൽ ഇതിനകംതന്നെ ഈ സമയക്രമം നടപ്പിലാക്കിയിട്ടുണ്ട്, കൂടുതൽ സ്റ്റേഷനുകളിലേ് വ്യാപിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് പുതിയതായി 13 പോലീസ് സ്റ്റേഷനുകളും 19 സൈബർ പോലീസ് സ്റ്റേഷനുകളും 4 വനിതാ പോലീസ് സ്റ്റേഷനുകളും ആരംഭിച്ചിട്ടുണ്ട്. കുറ്റാന്വേഷണവും ക്രമസമാധാന പാലനവും വേർതിരിക്കുക എന്ന ലക്ഷ്യംവച്ചുകൊണ്ട് എല്ലാ പോലീസ് സ്റ്റേഷനുകളിലും സ്റ്റേഷൻ ഹൗസ് ഓഫീസർമായി സർക്കിൾ ഇൻസ്പെക്ടർമാരെ നിയമിച്ചിട്ടുണ്ട്. സാമ്പത്തിക കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്ത് പ്രത്യേക സാമ്പത്തിക കുറ്റാന്വേഷണ വിഭാഗവും ആരംഭിച്ചിട്ടുണ്ട്. മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലംമുതൽ ഈ വർഷം മാർച്ച് 31-വരെ 5670 പുതിയ തസ്തികകൾ പോലീസിൽ സൃഷ്ടിച്ച് ജോലിഭാരം കുറച്ചിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയുള്ള നിരവധി ആളുകൾ പുതുതായി സേനയിലേക്ക്

എത്തിച്ചേരുന്നുണ്ട്. ഇവരുടെ സേവനം അതത് മേഖലകളിലെ കുറ്റാന്വേഷണങ്ങളിലും വികസനപ്രവർത്തങ്ങളിലും വിനിയോഗിക്കാൻ സാധിക്കുക എന്നത് വളരെ പ്രധാനമാണ്. അക്കാര്യം കണക്കിലെടുത്തുകൊണ്ട് ഇത്തരം യോഗ്യതയുള്ളവരെ അതത് വിഭാഗവുമായി ബന്ധപ്പെട്ട് നിയമിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ദൈനംദിന ആവശ്യങ്ങൾ ഉൾപ്പെടെയുള്ള ജീവതാവശ്യങ്ങൾക്ക് സമീപിക്കാവുന്ന സംവിധാനമാണ് പോലീസ് കാന്റീൻവഴി സേനാംഗങ്ങൾക്ക് ലഭ്യമാക്കിയിട്ടുള്ളത്. കമ്പോളവിലയിൽനിന്നും 30 ശതമാനംവരെ വിലക്കുറവിൽ പ്രവർത്തിച്ചിരുന്ന പോലീസ് കാന്റീൻ പ്രവർത്തനം ജി.എസ്.ടി. നടപ്പാക്കിയതിനെത്തുടർന്ന് പോലീസ് ഉദ്യോഗസ്ഥർക്കുള്ള നികുതിയിളവ് ഒഴിവാക്കപ്പെട്ടിരുന്നു. കേന്ദ്രസർക്കാരുമായി ഫലപ്രദമായ ഇടപെടലുകൾ നടത്തിയതിന്റെ ഫലമായി നികുതി ഇളവ് പുനഃസ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഭവന നിർമ്മാണത്തിനും കുട്ടികളുടെ വിദ്യാഭ്യാസത്തിനും കുറഞ്ഞ നിരക്കിൽ വായ്പകൾ ലഭ്യമാക്കുന്നതിന് സർക്കാരിന്റെ സഹായത്തോടെ കേരള പോലീസ് ഹൗസിംഗ് സൊസൈറ്റിയും ജില്ലാടിസ്ഥാനത്തിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളും

സജീവമായി പ്രവർത്തിച്ചുവരുന്നു. നീതിബോധം, മനുഷ്യാവകാശ സംരക്ഷണം, സേവനതൽപ്പരത, സാമൂഹിക പ്രതിബദ്ധത, ശാസ്ത്രീയ അന്വേഷണ രീതികൾ തുടങ്ങിയ മേഖലകളിൽ നമ്മുടെ പോലീസ് സേന ഇന്ന് രാജ്യത്തിന് മാതൃകയാണ്. നിലനിൽക്കുന്ന ചില ദൗർബല്യങ്ങൾ പരിഹരിച്ച് ജനങ്ങൾക്കിടയിൽ കൂടുതൽ വിശ്വാസമാർജ്ജിക്കുന്നതിനും ഒപ്പം സേനാംഗങ്ങൾക്കിടയിൽ പൊതുവായ ജീവിതസാഹചര്യം കാത്തുസൂക്ഷിക്കുന്നതിനുമുള്ള ഇടപെടലുകൾ സർക്കാർ സ്വീകരിച്ചുവരികയാണ്. ഈ സാഹചര്യത്തിൽ ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, പോലീസ് അതിക്രമങ്ങൾ സംബന്ധിച്ച് നിരന്തരമായി സഭയിൽ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ പോലീസുകാരോട് സർക്കാർ കാണിക്കുന്ന അതിക്രമംകാരണം സേനയിൽ ആത്മഹത്യ വർദ്ധിക്കുന്നത് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്റെ വിഷയമാകുന്നത് ഒരുപക്ഷേ ഈ നിയമസഭയുടെ ചരിത്രത്തിൽത്തന്നെ ആദ്യമായിട്ടായിരിക്കാം. ആവശ്യത്തിന് സേനാംഗങ്ങളെ വിന്യസിക്കാതെ അമിത ജോലിഭാരം അടിച്ചേൽപ്പിക്കുന്നത് 'സ്റ്റേറ്റ് സ്പോൺസേർഡ്

അട്രോസിറ്റി' ആണ്, അത് മനുഷ്യാവകാശ ലംഘനമാണ്. അതുകൊണ്ടുകൂടിയാണ് പ്രസ്തുത വിഷയത്തിൽ മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ കേസ്സെടുത്തത്. കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ 88 പോലീസുകാരാണ് ആത്മഹത്യ ചെയ്തത്. സമീപകാലത്ത്, ജൂൺ 8-ാം തീയതി ആലപ്പുഴ ഡി.എച്ച്.ക്യു. (District Head Quarter)-ലെ പേലീസുകാരനായ സുധീഷ്, 11-ാം തീയതി ഇൻഫോപാർക്ക് സ്റ്റേഷനിലെ പോലീസുകാരൻ മധു, 14-ാം തീയതി വിഴിഞ്ഞം സ്റ്റേഷനിലെ പോലീസുകാരൻ കുരുവിള ജോർജ്ജ്, 24-ാം തീയതി പാറശ്ശാല സിറ്റി ട്രാഫിക്കിലെ മദനകുമാർ എന്നിവരാണ് ആത്മഹത്യ ചെയ്തത്. ആറ് ദിസത്തിനിടയിൽ, അതായത് ഈ സഭ സമ്മേളിക്കുന്നതിനിടയിൽ 5 പോലീസ് ഉദ്യോഗസ്ഥരാണ് സംസ്ഥാനത്ത് ആത്മഹത്യ ചെയ്തത്. (...ബഹളം.....) പോലീസുകാർ ആത്മഹത്യ ചെയ്ത വിഷയം പറയുമ്പോൾ ഭരണപക്ഷം ബഹളംവയ്ക്കുന്നത് എന്തിനാണ്?

<u>മി. സ്പീക്കർ</u>: പ്ലീസ്.. പ്ലീസ്.... അദ്ദേഹം സംസാരിക്കട്ടെ...

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പോലീസുകാർ നിരന്തരമായി ആത്മഹത്യ ചെയ്യുന്ന സംഭവങ്ങളുണ്ടായപ്പോൾ അവ തടയുന്നതിനായി ഡി.ജി.പി. ഒരു സർക്കുലർ ഇറക്കിയിരുന്നു, അതിലുള്ള ഒരു പ്രധാന നിർദ്ദേശം പോലീസുകാർക്ക് യോഗ പഠനം നടപ്പിലാക്കുമെന്നുള്ളതാണ്. 16 മുതൽ 18 മണിക്കൂർ വരെയും ചില അവസരങ്ങളിൽ 24 മണിക്കൂറും തുടർച്ചയായി ഡ്യൂട്ടി ചെയ്യേണ്ടിവരുന്ന പോലീസുകാരന് യോഗ ചെയ്യാൻ എവിടെയാണ് സമയമുള്ളത്? പാവപ്പെട്ട പോലീസുകാർക്ക് അതിനുള്ള യോഗമില്ല. അതുകൊണ്ട് ഒരു ശരാശരി പോലീസ് സ്റ്റേഷന്റെ ചുമതലകൾ എന്തൊക്കെയാണ്? കേസന്വേഷണം, ജി.ഡി. (General Diary), സ്റ്റേഷൻ സെക്യൂരിറ്റി, ജീപ്പ് പട്രോളിംഗ്, ബൈക്ക് പട്രോളിംഗ്, റൈറ്റർ, അസിസ്റ്റന്റ് റൈറ്റർ, കമ്പ്യൂട്ടർ ഓപ്പറേറ്റർ, കോടതി ഡ്യൂട്ടി, തപാൽ ഡ്യൂട്ടി, തടവുകാരുടെ അകമ്പടി, പിക്കറ്റ് ഡ്യൂട്ടി, വാഹന പരിശോധന, ഗതാഗത നിയന്ത്രണം, വി.ഐ.പി. അകമ്പടി, പെറ്റി കേസ് എടുക്കുക, കുറ്റപത്രങ്ങളുടെ എണ്ണം തികയ്ക്കൽ (ഇതുരണ്ടും ടാർഗറ്റാണ്), വാറന്റ് നടപ്പാക്കൽ, പ്രതിയെ പിടിക്കൽ എന്നീ ചുമതലകൾ കൂടാതെ ജനമൈത്രി, എസ്.പി.സി. (Student Police

Cadet), പിങ്ക് പോലീസ്, വയോജന ഹെൽപ്പ്ഡെസ്ക്, ശിശു സൗഹാർദ്ദ ഡെസ്ക് തുടങ്ങി പുതിയ പദ്ധതികൾ നമ്മൾ ആസൂത്രണം ചെയ്യും. എന്നാൽ പോലീസിന്റെ സ്ട്രംഗ്ത് പഴതുപോലെ തുടരുകയാണ്. അപ്പോഴും പോലീസ് സ്റ്റേഷനിൽനിന്നും വീതംവച്ച് പുതിയപുതിയ ജോലികൾ കൊടുക്കുകയാണ്. അതുകൊണ്ട് 8 മണിക്കൂർ ജോലി എന്ന പാറ്റേൺ പോലീസുകാരെ സംബന്ധിച്ചടത്തോളം സ്വപ്നം കാണാൻപോലും സാധിക്കില്ല എന്നത് വസ്തുതയാണ്. 8 മണിക്കൂർ ജോലി എന്നത് 1991-ൽ നിയമിച്ച എം. കെ. ജോസഫ് (Rtd IPS) കമ്മീഷന്റെ ശിപാർശയാണ്. അതുപോലെ പോലീസിനുള്ള മറ്റൊരു ഡ്യൂഡിയാണ് "Cr.Pc.174" ഞാൻ ഒരു പോലീസ് സുഹൃത്തിനോട് സംസാരിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് ആഴ്ചയിൽ 3 എണ്ണത്തിൽ കൂടുതൽ ഇത്തരം ഡ്യൂട്ടി ലഭിക്കാറുണ്ടെന്നാണ്. 'Cr.Pc.174' ഡ്യൂട്ടിയെ സംബന്ധിച്ച് അങ്ങേയ്ക്കും അറിയാമല്ലോ, മൂന്നും നാലും ദിവസം പഴകിയ മൃതശരീരങ്ങൾ അടച്ചുപൂട്ടിയ വീട്ടിൽനിന്നൊക്കെ കണ്ടെത്തുമ്പോൾ അത്, ചീഞ്ഞളിഞ്ഞ് ദുർഗന്ധം വമിക്കുന്ന അവസ്ഥയിലായിരിക്കും. ദുർഗന്ധം സഹിച്ച് നടപടിക്രമങ്ങൾ പൂർത്തിയാക്കാനായി മണിക്കൂറുകളോളം

പോലീസുകാരൻ കാത്തിരിക്കേണ്ടി വരാറുണ്ട്. അവർക്ക് സമയത്തിന് ആഹാരമോ ആവശ്യത്തിന് ഉറക്കമോ കിട്ടാറില്ല. പോലീസുകാരന്റെ ദുരിതമയമായ നരകജീവിതം തുടർന്നുകൊണ്ടിരിക്കുകയാണ്. ഞാൻ ഇപ്പോൾ വിശദീകരിച്ച മേൽപ്പറഞ്ഞ ജോലികൾ ഒരു പോലീസ് സ്റ്റേഷനിൽ ചെയ്യണമെങ്കിൽ 59 പോലീസുകാർ ആ സ്റ്റേഷനിൽ ഉണ്ടാകേണ്ടതുണ്ട്. അതായത് 59 പോലീസുകാർ 18 മണിക്കൂറും ജോലി ചെയ്യേണ്ടതുണ്ട്. ഒരു ദിവസം ഇത്തരത്തിൽ ജോലി ചെയ്യുന്നതിന് ഇത്രയും പോലീസുകാർ ആവശ്യമായി വരുമ്പോൾ അതിനടുത്ത ദിവസവും അത്രയുംതന്നെ പോലീസുകാർ ഡ്യൂട്ടി ചെയ്യാൻ ആവശ്യമാണ്. ഫലത്തിൽ 118 പോലീസുകാർ ഒരു സ്റ്റേഷനിൽ ഉണ്ടെങ്കിൽ മാത്രമെ മേൽപ്പറഞ്ഞ ജോലികൾ നിർവഹിച്ചുകൊണ്ട് ഒരു സ്റ്റേഷന് പ്രവർത്തിക്കാൻ കഴിയുകയുള്ളൂ. ശരാശരി 44 പോലീസുകാരെ വച്ചാണ് 118 പോലീസുകാരുടെ ജോലി ഒരു സ്റ്റേഷനിൽ നടക്കുന്നതെന്ന സത്യം അങ്ങും ഈ സഭയും മനസ്സിലാക്കണം. ഇതിനെയാണ് അമിതഭാരമെന്ന് പറയുന്നത്. ഇത്തരത്തിലുള്ള അമിത ജോലിഭാരമാണ് അവരെ മനഃസംഘർഷത്തിലേക്ക് കൊണ്ടുപോകുന്നത്, ഈ മനഃസംഘർഷമാണ്

അവരെ വിഷാദരോഗികളാക്കി മാറ്റുന്നത്. ഈ സാഹചര്യത്തെക്കുറിച്ച് നമ്മൾ സഭയിൽ ചർച്ച ചെയ്യണ്ടേ? പോലീസ് സേനയിൽ ആവശ്യത്തിന് അംഗബലം ഇല്ലെന്നത് ഒരു പ്രധാന കാരണമാണ്, സേനയിലുള്ള രാഷ്ട്രീയ അതിപ്രസരം മറ്റൊരു പ്രധാനപ്പെട്ട കാര്യമാണ്. അംഗബലം ഇല്ലെന്നുള്ളതിന് ഇവിടെ തെളിവുണ്ട്. എന്റെ കൈയിലുള്ള രേഖ വച്ച് ഞാൻ പറയുകയാണ്, 20 പോലീസ് ജില്ലകളുടെ മേധാവികൾ മുകളിലേക്ക് അയച്ചിരിക്കുന്ന ഒരു റിപ്പോർട്ട് ഉദ്ധരിച്ചാണ് ഞാൻ പറയുന്നത്. അങ്ങയുടെ സെക്രട്ടേറിയറ്റിൽ, അങ്ങയുടെ തൊട്ട് മുമ്പിലുള്ള കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ ആവശ്യപ്പെട്ട പോലീസുകാരുടെ എണ്ണം ഞാൻ വായിക്കാം. ഐ.ഒ.പി. (Inspector of Police)-1, എസ്.ഐ. (Sub inspector).-5, എ.എസ്.ഐ. (Assistant Sub inspector))-3, എസ്.സി.പി.ഒ. (Senior Civil Police Officer)-12, സി.പി.ഒ. (Civil Police Officer)-44, ഡബ്ല്യു.എസ്.സി.പി.ഒ.(Senior Civil Police Officer (Women)-6, ഡബ്ല്യു.സി.പി.ഒ. (Civil Police Officer(Women)-8, ഡ്രൈവർ-2. ഇതാണ് അവർ അധികമായി ആവശ്യപ്പെട്ടിരിക്കുന്ന സ്ട്രംഗ്ത്. അപ്പോൾ യഥാർത്ഥ സ്ഥിതി എന്തായിരിക്കും? പല സ്റ്റേഷനുകളിലും ആക്ച്വൽ

സ്റ്റേംഗ്ത് എന്നത് സാങ്ഷൻഡ് സ്റ്റേംഗ്തിന്റെ പകുതിപോലും വരുന്നില്ല. ഈ സാഹചര്യത്തിലാണ് പോലീസ് സേനയെ മെച്ചപ്പെട്ട രീതിയിൽ കൊണ്ടുപോകുന്നതിനായി ജില്ലാ പോലീസ് മേധാവിമാർ സർക്കാരിനോട് സേനയിലേക്ക് കൂടുതൽ പോലിസുകാരെ ആവശ്യപ്പെട്ടിരിക്കുന്നത്. സമയക്കുറവുണ്ടെങ്കിലും ചില ഫയൽ നമ്പറുകൾ ഞാൻ വായിക്കാം, P4 (64), 2023 -Creation of additional post - Highway patrol, P1 (5), 2022- Special Investigation team for Pocso Cases, A2(275)-Security for hospitals. ഇതുപറയാൻ കാരണം കോട്ടയം ചങ്ങനാശ്ശേരിക്കാരിയായ ഡോ. വന്ദനദാസിനെ കൊട്ടാരക്കര ആശുപത്രിയിൽവച്ച് ഒരാൾ കുത്തിക്കൊന്നു. ആശുപത്രികളുടെ സുരക്ഷയ്ക്കുവേണ്ടി പോലീസുകാരെ നിയോഗിക്കുമെന്ന് പിറ്റേദിവസം പ്രഖ്യാപനമുണ്ടായി. ഫയൽ നമ്പർ P-446/2023 - സെക്യൂരിറ്റി ഫോർ ഹോസ്പിറ്റൽ. ഇക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇതെല്ലാം ധനകാര്യവകുപ്പിന്റെയും ആഭ്യന്തര വകുപ്പിന്റെയും കൈവശമുള്ള ഫയലുകളാണ്. ഈ ഫയലുകളിന്മേൽ തീരുമാനമെടുത്തെങ്കിൽ മാത്രമേ അംഗബലമില്ലെന്ന പോലീസുകാരുടെ

നിരന്തരമായ പരാതിക്ക് പരിഹാരമുണ്ടാകുകയുള്ളൂ. അങ്ങനെ മാത്രമേ ഈ അടിസ്ഥാനപ്രശ്നം പരിഹരിക്കാൻ സാധിക്കുകയുള്ളൂ. അക്കാര്യത്തിൽ നടപടിയെടുക്കണം. ടെലികമ്മ്യൂണിക്കേഷനിൽനിന്നും ആളെയെടുത്താണ് പുതുതായി സൈബർ ഡിവിഷനുണ്ടാക്കിയത്. ട്രാഫിക് സ്റ്റേഷനിലെ കേസുകൾ ഇപ്പോൾ ലോക്കൽ സ്റ്റേഷനിലേക്കുമാറ്റി. ബഹുമാനപ്പെട്ട അംഗം ശ്രീ. എൻ. കെ. അക്ബർ സഭയിൽ ഉന്നയിച്ച സബ്മിഷന് ഇനി പുതിയ ട്രാഫിക് സ്റ്റേഷനുകൾ ആരംഭിക്കുന്നില്ലെന്നാണ് അങ്ങ് മറുപടി നൽകിയത്. ഈ കേസുകളുംകൂടി ലോക്കൽ സ്റ്റേഷനിലേക്കുവരുമ്പോൾ ഞാൻ നേരത്തെ സൂചിപ്പിച്ച പ്രയാസമനുഭവിക്കുന്ന ഞെങ്ങിഞെരുങ്ങി കഴിയുന്ന പോലീസുകാരുടെ തലയിലേക്ക് ഈ പുതിയഭാരംകൂടി അടിച്ചേൽപ്പിക്കുകയാണ്. സ്റ്റേഷനുകളിൽ ഡ്രൈവർമാരുടെ തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. ഉന്നത ഉദ്യോഗസ്ഥന്മാർ മറ്റ് പോലീസുകാരോട് വണ്ടിയെടുക്കാൻ പറയും. ഇവർ വണ്ടിയോടിക്കുമ്പോൾ അപകടമുണ്ടായാൽ ഈ പോലീസുകാരന്റെമേൽ നടപടിയെടുക്കും. അവിടെ രണ്ട് ഇൻക്രിമെന്റ് ബാർ ചെയ്യുകയാണ്. ഡ്രൈവർമാരുടെ തസ്തികയുണ്ടായിട്ടും അവിടെ

ഒഴിഞ്ഞുകിടക്കുന്നതാണ് പ്രശ്നം. "തൊണ്ടിമുതലും ദൃക്സാക്ഷിയും" എന്ന ശ്രീ. ഫഹദ് ഫാസിലിന്റെ സിനിമയിൽ പറയുന്നതുപോലെ വരുന്ന വാദിയുടെയും പ്രതിയുടെയും കൈയിൽനിന്നും കാർബൺ പേപ്പറും മറ്റ് സ്റ്റേഷനറികളും വാങ്ങിപ്പിക്കുകയാണ് ചെയ്യുന്നത്. പോലീസുകാർക്ക് സ്റ്റേഷനറിക്ക് പണം കൊടുക്കുന്നില്ല. ഞാൻ ഉപക്ഷേപം അവതരിപ്പിക്കുന്നതിന്റെ ഭാഗമായി രണ്ടുമൂന്ന് തവണ പോലീസ് സ്റ്റേഷനിൽ പോയപ്പോഴാണ് സർക്കാർ കൊടുത്ത കമ്പ്യൂട്ടറുകളൊന്നും പ്രവർത്തിക്കുന്നില്ലെന്ന് കണ്ടത്. പോലീസുകാരൻ സ്വന്തം പണം മുടക്കി വാങ്ങിയ ലാപ്ടോപ്പിൽ കേസ് തയ്യാറാക്കുന്ന അവസ്ഥയാണുള്ളത്. 500 പൗരന്മാർക്ക് ഒരു പോലീസ് എന്നതാണ് നിർദ്ദേശം. അത് നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ? സി.പി.ഒ.-മാർ തല മുണ്ഡനം ചെയ്ത് മുട്ടിലിഴഞ്ഞ് ശയനപ്രദക്ഷിണം നടത്തി സമരം ചെയ്തു. പോലീസ് സേനയിൽ ആളെക്കൂട്ടണമെന്നാണ് പോലീസ് അസോസിയേഷന്റെയും ജില്ലാ പോലീസ് മേധാവിമാരുടെയും ആവശ്യം. പോലീസിന്റെ റാങ്ക് ലിസ്റ്റിലുള്ളവർ പ്രിലിമിനറി ടെസ്റ്റെഴുതി മെയിൻ പരീക്ഷയും കായികക്ഷമതാ പരിശീലനവും പാസ്സായി

റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടും ശയനപ്രദക്ഷിണം നടത്തി മുട്ടിലിഴഞ്ഞ് മുണ്ഡനം ചെയ്ത് സർക്കാരിനോട് യാചിച്ചിട്ടും അവരുടെ കുടുംബംവരെ വന്ന് സമരം ചെയ്തിട്ടും കേൾക്കാൻ തയ്യാറായോ? അംഗബലമില്ലെന്ന് പറയുമ്പോഴും അവർ നിരാശയോടുകൂടി ഇവിടെനിന്നും മടങ്ങിപ്പോകുന്ന സാഹചര്യമാണുള്ളത്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ പി.എസ്.സി. നിയമനം നടക്കുന്നത് കേരളത്തിലാണെന്നാണ് കഴിഞ്ഞ കുറേ ദിവസമായി അസംബ്ലിയിൽ മുഴങ്ങിക്കേൾക്കുന്ന വാദഗതി. മറ്റ് പല സംസ്ഥാനങ്ങളിലും യൂണിഫോം ഫോഴ്സിന് പി.എസ്.സി. വഴിയല്ല നിയമനം നൽകുന്നത്. അവർക്ക് പ്രത്യേക റിക്രൂട്ട്മെന്റ് ബോർഡാണുള്ളത്. പോലീസിലേക്കും മറ്റ് യൂണിഫോം ഫോഴ്സിലേയ്ക്കുമാണ് ഏറ്റവും കൂടുതൽ ആളുകളെ നിയമിക്കേണ്ടിവരുന്നത്. എക്സൈസ്, ഫയർഫോഴ്സ്, ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റുകളിൽ പ്രത്യേക റിക്രൂട്ട്മെന്റിലൂടെയാണ് നിയമിക്കുന്നത്. ആ വാദം അംഗീകരിച്ചാൽ തമിഴ്നാട് പോലീസിൽ പി.എസ്.സി. മുഖേന നിയമനം നടത്തിയവരുടെ എണ്ണം പൂജ്യമാണ്, ഒരാളെയും നിയമിച്ചിട്ടില്ല. കാരണം അവിടെ റിക്രൂട്ട്മെന്റ്

ബോർഡുവഴിയാണ് നിയമനം നടത്തുന്നത്. ഇനി ആ ന്യായം പറഞ്ഞ് ആളുകളെ പറ്റിക്കരുത്.

പോലീസുകാർ ആത്മഹത്യയിലേക്ക് പോകുന്നതിന് കാര്യമെന്താണ്? ഇവർക്ക് ആരോഗ്യപരമായ കുടുംബജീവിതത്തിന്റെ പ്രശ്നമുണ്ട്. കുടുംബത്തിൽ നടക്കുന്ന പ്രധാനപ്പെട്ട ആഘോഷങ്ങളിലൊന്നും ഇവർക്ക് പങ്കെടുക്കാൻ കഴിയില്ല. കാരണം അവർക്ക് 16-ഉം 18-ഉം മണിക്കൂർ ഡ്യൂട്ടിയാണുള്ളത്. വൈകുന്നേരം സിനിമയ്ക്ക് പോകാൻ റെഡിയായിരിക്കാൻ ഭാര്യയോടും മക്കളോടും പറഞ്ഞിട്ടുപോകും. വീട്ടുകാർ കാത്തിരിക്കുമ്പോഴാണ് അടിയന്തരമായി വേറെ ജോലിക്കുപോകണമെന്ന് മേലുദ്യോഗസ്ഥൻ പറയുന്നത്. അപ്പോൾ കുടുംബബന്ധങ്ങളിൽ പ്രശ്നമുണ്ടാകുന്നു. അതുകൊണ്ട് കുടുംബബന്ധങ്ങളിലെ പ്രശ്നം വലിയ സമ്മർദ്ദമായും വിഷാദരോഗമായും മാറുന്നു, പിടിച്ചുനിൽക്കാൻ കഴിയാത്തവർ ആത്മഹത്യ ചെയ്യുന്നു.

സമീപകാലത്ത് 148 പേരാണ് പോലീസ് സേനയിൽനിന്നും വി.ആർ.എസ്. എടുത്തുപോയത്. അതുപോലെ ഇനിയും അപേക്ഷകൾ കൊടുത്തവരുണ്ട്. എന്നാൽ ഇപ്പോൾ അവർ കൊടുത്ത അപേക്ഷ

അംഗീകരിക്കുന്നില്ല. ആറ് വർഷംകൂടി സർവീസുള്ള ഒരു ഡിവൈ.എസ്.പി. വി.ആർ.എസ്. എടുത്ത് ഇപ്പോൾ ഗ്രാഫിക് ഡിസൈനറായി ജോലി ചെയ്യുകയാണ്. ഇതാണ് പോലീസ് സേനയുടെ അവസ്ഥ.

മി. സ്പീക്കർ: യെസ്..... പ്ലീസ് കൺക്ലൂഡ്.........

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, രണ്ട് മിനിട്ടുകൊണ്ട് നിർത്താം.

മി. സ്പീക്കർ: 11 മിനിട്ടായി. ഇനി കൺക്ലൂഡ് ചെയ്യണം.

ശ്രീ. പി. സി. വിഷ്ണുനാഥ്: സെൻട്രൽ പോലീസ് കാന്റീൻ അനുവദിച്ചതും ശബരിമല ബസ് സൗജന്യമാക്കിയതും ജനറൽ ഡയറി സമയം 24 എന്നത് 12 മണിക്കൂറാക്കിയതും സ്റ്റേറ്റ് ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സ് രൂപീകരിച്ചതും പാറാവ് ഡ്യൂട്ടി ചെയ്യുന്നവർക്ക് പിറ്റേദിവസം അവധി കൊടുത്തതും 5000 രൂപയാക്കി യൂണിഫോം അലവൻസ് വർദ്ധിപ്പിച്ചതുമെല്ലാം ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്താണ്. മ്യൂസിയം പോലീസ് സ്റ്റേഷൻ പരിശോധിച്ചാൽ ഇടുങ്ങിയ കുടുസുമുറികളാണുള്ളത്. വനിതാ പോലീസുകാർക്ക് കൃത്യമായ റെസ്റ്റിംഗ് റൂമില്ല. അവരുടെ ജീവിതശൈലീ രോഗങ്ങൾ വർദ്ധിക്കുന്നുവെന്നാണ് ഇപ്പോൾ മനസ്സിലാകുന്നത്. രാത്രി ഡ്യൂട്ടിയുടെ അതിപ്രസരമാണ്. ഇപ്പോൾ

പോലീസ് സ്റ്റേഷനുകളുടെ ഹയറാർക്കി മാറി. രാഷ്ട്രീയക്കാരും ലോക്കൽ കമ്മിറ്റിയും ഏരിയ കമ്മിറ്റിയുമെല്ലാം അക്കാര്യത്തിൽ ഇടപെടുകയാണ്.

മി. സ്പീക്കർ: സർ, പ്ലീസ് കൺക്ലൂഡ്.....

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, സിപി.ഐ.(എം) അല്ലാത്ത പോലീസുകാരുടെ നേരെ പ്രതികാര നടപടികളെടുക്കുകയാണ്. അങ്ങ് ഇടപെടുന്നതുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. 'അപ്പുവും അമലുവും വിഷമിക്കരുത്. നന്നായി പഠിക്കുക, പോലീസിലല്ലാതെ ഏതെങ്കിലും ജോലി നേടിയെടുക്കുക, അമ്മയെ നോക്കുക' ജോബി ദാസിന്റെ ആത്മഹത്യാക്കുറുപ്പിലെ വാക്കുകളാണിവ. ഇതിനേക്കാൾ വലിയൊരു റിപ്പോർട്ട് സർക്കാരിന് ആവശ്യമുണ്ടോ? ഇനിയെങ്കിലും ഉണരണം. അടിയന്തരമായി നടപടിയെടുക്കണം. നാട്ടുകാരുടെ മുഴുവൻ പരാതി കേൾക്കുന്ന പോലീസുകാരുടെ പരാതി കേൾക്കാനുള്ള സംവിധാനമുണ്ടാകണം. രാഷ്ട്രീയ അതിപ്രസരണം അവസാനിപ്പിച്ച് ഈ വിഷയം സഭ നിർത്തി വച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ച പോലീസുകാരുടെ ആത്മഹത്യ നേരത്തെ ഞാൻ പറഞ്ഞതുപോലെ പോലീസ് സേനയിലുണ്ടാകുന്ന സംഘർഷംകൊണ്ടുമാത്രം സംഭവിക്കുന്ന ഒന്നല്ല. നമുക്ക് ഓരോ ആത്മഹത്യയുടെയും കാരണം എന്തായിരുന്നുവെന്ന പരിശോധനയിലേക്ക് കടക്കേണ്ടതില്ലെന്നാണ് തോന്നുന്നത്. എന്നാൽ പോലീസ് സേനയിലുള്ള ചില പ്രശ്നങ്ങളും അവരുടെ സംഘർഷത്തിന് ഇടയാക്കിയിട്ടുണ്ടെന്നും ഞാൻ നേരത്തെ പറഞ്ഞിട്ടുണ്ട്. നമ്മളാരും ആത്മഹത്യ വർദ്ധിക്കണമെന്ന് ആഗ്രഹിക്കുകയോ അത് നിയന്ത്രിക്കേണ്ടതില്ലെന്ന് ചിന്തിക്കുകയോ ചെയ്യുന്നവരല്ല. സ്വാഭാവികമായും അതിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കണമെന്നത് ഗൗരവമായി ആലോചിക്കുകയും അതിന്റെ ഭാഗമായുള്ള ഇടപെടലുകളുണ്ടാകുകയും ചെയ്തിട്ടുണ്ട്. ബഹുമാന്യനായ അംഗത്തിന് യോഗയെക്കുറിച്ച് വല്ലാത്ത തെറ്റിദ്ധാരണയാണുള്ളത്. ജോലിയുണ്ടായാൽ പിന്നെ യോഗ ചെയ്യാൻ കഴിയില്ലെന്ന തോന്നലാണ് അദ്ദേഹത്തിനുള്ളത്. പലവിധ തിരക്കുകൾക്കിടയിലും ചെയ്യാൻ കഴിയുന്ന ഒന്നാണ് യോഗ. ഇപ്പോൾ

സംസാരിച്ചുകഴിഞ്ഞ് ബഹുമാന്യനായ അംഗം ഇരുന്നല്ലോ. യോഗയുടെ ശരിയായ രീതിയനുസരിച്ച് അവിടെയിരുന്നും ചെയ്യാവുന്നതാണ്. അത് ബഹുമാന്യനായ മുൻ പ്രതിപക്ഷനേതാവിനോട് ചോദിച്ചാൽ കൃത്യമായി പറഞ്ഞുതരുമെന്നാണ് തോന്നുന്നത്. യോഗയെക്കുറിച്ച് അങ്ങനെയൊരു തെറ്റിദ്ധാരണയുണ്ടാകേണ്ടതില്ല. ആ യോഗ മാനസിക സംഘർഷം കുറയ്ക്കുന്നതിന് വലിയതോതിൽ വഴിവയ്ക്കുമെന്നുള്ളതുകൊണ്ടാണ് പോലീസിന് മറ്റെല്ലാ തരത്തിലുമുള്ള പരിശീലനവും ലഭിക്കുന്നുണ്ടെങ്കിലും യോഗകൂടി അതിന്റെ ഭാഗമായി ഉൾപ്പെടുത്താൻ കഴിയുമോയെന്ന് നോക്കിയത്. ആ സമയം ഡ്യൂട്ടിയുള്ളതുകൊണ്ട് ആ ഡ്യൂട്ടിയിൽ കഴിയുന്നവർക്ക് യോഗ ചെയ്യാനുള്ള അവസരമില്ലാതില്ല, അത് ചെയ്യാൻ സാധിക്കും. ആ കാര്യം പ്രത്യേകമായി ഏതെങ്കിലും യോഗാ വിദഗ്ധരെ വിളിച്ച് ബഹുമാന്യനായ സ്പീക്കറോട് പറഞ്ഞ് അതിന്റേതായ ഒരു ക്ലാസ് എല്ലാവർക്കും നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാം. പോലീസുകാർ ജോലികൾ ചെയ്യേണ്ടിവരുന്നുവെന്നുള്ളത് ശരിയാണ്. ഏത് പോലീസ് സ്റ്റേഷനിലും ജോലിയെടുക്കുന്ന പോലീസുകാർക്കും അവരുടെ ഡ്യൂട്ടി കൃത്യമായി നിർവ്വഹിക്കേണ്ടതായിവരുന്നുണ്ട്. അതിന്റെ

ഭാഗമായി എട്ട് മണിക്കൂർ ജോലിയെന്ന സമ്പ്രദായം പൂർണ്ണമായി നടപ്പാക്കാനായിട്ടില്ല. എന്നാൽ ചില സ്റ്റേഷനുകളിൽ എട്ട് മണിക്കൂർ ജോലി സമ്പ്രദായം നടപ്പാക്കുന്നതിന് പ്രാരംഭം കുറിച്ചിട്ടുണ്ടെന്ന് ഞാൻ നേരത്തെ സൂചിപ്പിച്ചുകഴിഞ്ഞു. ഇത് കൂടുതൽ സ്റ്റേഷനുകളിലേയ്ക്ക് വ്യാപിപ്പിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. പരിഷ്കൃതസമൂഹത്തിൽ എട്ട് മണിക്കൂർ ജോലി സമ്പ്രദായം നടപ്പാക്കാൻ സാധിക്കേണ്ടതുണ്ട്. ഓരോ ജോലിക്കും അതിന്റേതായ പ്രത്യേകതകളുണ്ട്. ചീഞ്ഞളിഞ്ഞ മൃതശരീരത്തിനടുത്തുനിന്ന് മാറിപ്പോകാൻ പോലീസുകാരന് കഴിയാത്തൊരവസ്ഥ നിലനിൽക്കുന്നുവെന്നത് വസ്തുതയാണ്. പക്ഷേ, അതെങ്ങനെ ഒഴിവാക്കാൻ കഴിയും? പോലീസുകാർ നേരിടുന്ന പ്രശ്നങ്ങൾ സഭ മുമ്പാകെ അവതരിപ്പിക്കുമ്പോൾ എന്തിനാണ് ആ ഭാഗം അത്തരത്തിൽ സൂചിപ്പിച്ചതെന്ന് മനസിലാകുന്നില്ല. അത്തരമൊരു ഡ്യൂട്ടി ഒഴിവാക്കാൻ കഴിയുന്നതാണോ? പോലീസിന്റെ ഡ്യൂട്ടിയിൽ അത് ഉൾപ്പെടേണ്ടതില്ലെന്ന് നിശ്ചയിക്കാൻ കഴിയുമോ? അതൊക്കെ പോലീസുകാരുടെ ഡ്യൂട്ടിയുടെ ഭാഗമായി വരുന്നതാണ്. പോലീസ് ഡ്യൂട്ടിയുടെ

പ്രത്യേകതയനുസരിച്ച് അത്തരം ചില നടപടികൾ സ്വീകരിക്കേണ്ടതായിവരുന്നുണ്ട്.

പോലീസ് സ്റ്റേഷനുകളിലെ അംഗസംഖ്യ വർധിക്കണമെന്ന് ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞത് ന്യായമായ ആവശ്യംതന്നെയാണ്. പൊതുവെ എല്ലാ സ്റ്റേഷനുകളിലേയും പോലീസിന്റെ അംഗസംഖ്യ ഇനിയും വർധിക്കേണ്ടതുണ്ടെന്നത് ഒരു വസ്തുതയാണ്. ഇക്കാര്യം സർക്കാർ തള്ളിക്കളയുന്നില്ല. സർക്കാർ അതിനാവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഓരോ സ്റ്റേഷനുകളും കൃത്യമായി പ്രവർത്തിക്കുന്നതിനാവശ്യമായ അംഗബലം നൽകണമെന്നുതന്നെയാണ് സർക്കാരിന്റെയും ആഗ്രഹം. അക്കാര്യത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്ന് മറ്റ് തരത്തിലുള്ള യാതൊരു കടുംപിടുത്തങ്ങളുമില്ല. ജില്ലാ പോലീസ് മേധാവികൾ അതത് ജില്ലകളിലെ പ്രശ്നങ്ങൾ സംസ്ഥാന പോലീസ് മേധാവിയുടെയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽപ്പെടുത്തുന്നത് സ്വാഭാവികമായൊരു കാര്യമാണ്. ജില്ലകളിൽ ഏതെങ്കിലും തരത്തിലുള്ള കുറവുകളുണ്ടെങ്കിൽ അതുസംബന്ധിച്ച് അവർ സംസ്ഥാന പോലീസ് മേധാവിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്

സ്വാഭാവികമാണ്. അദ്ദേഹം പറഞ്ഞ രീതിയിൽ, ആവശ്യമായത്രയും സെക്യൂരിറ്റി എല്ലാ സ്ഥലങ്ങളിലും നൽകുന്നതിനുള്ള പോലീസുകാർ വേണമെന്നത് ശരിയാണ്. അഖിലേന്ത്യാടിസ്ഥാനത്തിലുള്ള CISF (Central Industrial Security Force) -ന്റെ മാതൃകയിലുള്ള SISF (State Industrial Security Force)-ന്റെ പ്രവർത്തനം കൂടുതൽ വ്യാപിപ്പിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. പക്ഷേ, ഇത്തരം സേവനം ആവശ്യപ്പെടുന്ന സ്ഥാപനങ്ങൾ അതിനുള്ള തുക മുടക്കേണ്ടതായി വരും. അങ്ങനെ തുക മുടക്കാൻ കഴിയുന്ന സ്ഥാപനങ്ങളിൽ എസ്.ഐ.എസ്.എഫ് ജീവനക്കാരെ നിയോഗിക്കുന്നതോടൊപ്പം പോലീസിന്റെ സേവനം ലഭ്യമാക്കേണ്ട സ്ഥലങ്ങളിൽ അവരെയും നിയോഗിക്കാൻ സാധിക്കുന്നതാണ്. ട്രാഫിക് സ്റ്റേഷനുകളുടെ കാര്യത്തിൽ ട്രാഫിക് നിയന്ത്രണങ്ങളും അതുമായി ബന്ധപ്പെട്ട കേസുകളും മറ്റും കൈകാര്യം ചെയ്യുന്നത് അതത് പോലീസ് സ്റ്റേഷനുകളിൽത്തന്നെയാണ്. അതിനാവശ്യമായ പോലീസുദ്യോഗസ്ഥരെ അതേ രീതിയിൽത്തന്നെ നിശ്ചയിക്കണം.

ഡ്രൈവർമാരുടെ തസ്തികകൾ പൂർണ്ണമായി ഒഴിഞ്ഞുകിടക്കുകയല്ല. ചിലപ്പോൾ ചില തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടാവാം. റിക്രൂട്ട്മെന്റിന്റെ ഭാഗമായി അവയൊക്കെ നികത്തപ്പെടുന്നതാണ്. അതൊന്നും അംഗബലത്തെ വലിയ തോതിൽ ബാധിക്കുന്ന കാര്യമല്ല. പോലീസ് സ്റ്റേഷനുകളിൽ സ്റ്റേഷനറീസ് വാങ്ങിപ്പിക്കുന്ന രീതി പണ്ട് കാലത്ത് സംസ്ഥാനത്ത് നിലവിലുണ്ടായിരുന്നതാണ്, ഇപ്പോൾ അങ്ങനെയൊന്നില്ല. ഓരോ സ്റ്റേഷനിലും അവിടത്തെ ആവശ്യങ്ങൾക്കുവേണ്ടിയുള്ള ചെറിയൊരു തുക അവരുടെ കൈവശമുണ്ടെന്നതാണ് വസ്തുത. അല്ലാതെ ആരും അവിടേയ്ക്ക് സ്റ്റേഷനറി വാങ്ങിക്കൊടുക്കേണ്ട സാഹചര്യമുണ്ടാകുന്നില്ല.

ബഹുമാന്യനായ അംഗം കാര്യങ്ങൾ മനസിലാക്കുന്ന ആളാണല്ലോ. പ്രതിപക്ഷത്താണെന്നുള്ളതുകൊണ്ട്, പി.എസ്.സി. റാങ്ക്ലിസ്റ്റിന്റെ കാര്യത്തെപ്പറ്റി ഭരണപക്ഷത്തെ ഒന്ന് കുത്താൻവേണ്ടി പറഞ്ഞതായിരിക്കാനാണ് സാധ്യത. ഒരു കാലത്തുമില്ലാത്ത രീതിയിൽ ഭാവിയിലെ ഒഴിവുകളടക്കം കണക്കാക്കി ഉദ്യോഗാർഥികളെ റിക്രൂട്ട് ചെയ്യുകയാണ് ചെയ്യുന്നത്. അതിന്റെ ഭാഗമായി കൂടുതൽ ഉദ്യോഗാർത്ഥികളെ

റിക്രൂട്ട് ചെയ്തു കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെ പി.എസ്.സി. റാങ്ക്ലിസ്റ്റുകളുടെ അവസ്ഥയെന്താണ്? ഏത് റാങ്ക്ലിസ്റ്റ് എടുത്ത് പരിശോധിച്ചാലും ആവശ്യമായതിനേക്കാൾ കൂടുതൽ ആളുകളെ ഉൾപ്പെടുത്തിയാണ് ലിസ്റ്റ് പ്രസിദ്ധീകരിക്കാറുള്ളത്. ഈയൊരു സാഹചര്യത്തിൽ സാധാരണഗതിയിൽ റാങ്ക് ലിസ്റ്റിലുൾപ്പെട്ട ഒരാൾക്ക് താൻ ജോലിക്ക് അർഹനായി/അർഹയായി എന്നൊരു ചിന്തയായിരിക്കുമുണ്ടാവുക. ഈ ചിന്ത തെറ്റല്ല. ആ ചെറുപ്പക്കാരനോ/ചെറുപ്പക്കാരിയോ ഉടൻതന്നെ തനിക്ക് ആ ജോലി ലഭിക്കുമെന്നാണ് വിചാരിക്കുന്നത്. നൂറ് പേർ ഉൾപ്പെട്ട ലിസ്റ്റിൽനിന്ന് പത്തുപേരെയാണ് നിയമിക്കുന്നതെങ്കിൽ തൊണ്ണൂറുപേർ നിയമനം കിട്ടാതെ പുറത്തുനിൽക്കുകയാണ്. തങ്ങൾക്ക് ജോലി കിട്ടിയില്ലല്ലോ എന്നോർത്ത് ഈ തൊണ്ണൂറുപേർക്കും നിരാശയാണ്. അവരെയെല്ലാം നിയമിക്കാൻ കഴിയുമോ? പത്തുപേരെ മാത്രമെ നിയമിക്കാൻ കഴിയുകയുള്ളൂ, അതിനപ്പുറം നിയമനം നടത്താൻ കഴിയില്ല. പത്ത് പേരെ നിയമിക്കുന്നതിന് നൂറ് പേരുടെ ലിസ്റ്റ് ആവശ്യമാണോ? യഥാർഥത്തിൽ ഇതാണ് പ്രശ്നം. അത് ബഹുമാന്യനായ അംഗം മനസിലാക്കാത്ത കാര്യമല്ല. പക്ഷേ, അത് ഗവൺമെന്റിനെ

കുറ്റപ്പെടുത്താൻ വേണ്ടി പറഞ്ഞ കാര്യമായിരിക്കാനാണ് സാധ്യത. ഈ കാര്യങ്ങളെല്ലാം മുന്നിൽകണ്ടുകൊണ്ടാണ്, ഭാവിയിൽ വരുന്ന ഒഴിവുകളടക്കം കണക്കാക്കി ഉദ്യോഗാർത്ഥികളെ റിക്രൂട്ട് ചെയ്യുന്ന നടപടി സർക്കാർ സ്വീകരിച്ചത്. പി.എസ്.സി. നിയമനം ഇവിടെ കൂടുതലാണെന്ന് അദ്ദേഹംതന്നെ സമ്മതിക്കുകയുണ്ടായി. ഞാൻ അതുമായി ബന്ധപ്പെട്ട് മറ്റൊരു മറുപടിയിലേയ്ക്കും കടക്കുന്നില്ല. രാജ്യമാകെ അംഗീകരിക്കുന്നൊരു വസ്തുതയാണത്. ഇവിടെ പി.എസ്.സി. നിയമനങ്ങൾ നല്ല രീതിയിൽ നടക്കുകയാണ്.

പോലീസുകാർക്ക് അവരുടെ കുടുംബങ്ങളുമായി ബന്ധപ്പെട്ട പരിപാടികളിൽ പങ്കെടുക്കാനുള്ള സൗകര്യങ്ങൾ നിഷേധിക്കുകയെന്ന നിലപാട് പോലീസ് വകുപ്പോ സർക്കാരോ സ്വീകരിച്ചിട്ടില്ല. അത്തരം കാര്യങ്ങൾക്കാവശ്യമായ സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നുമുണ്ട്. പോലീസ് ജോലിയുടെ പ്രത്യേക സ്വഭാവമനുസരിച്ച് അടിയന്തര സാഹചര്യങ്ങളിൽ ചിലപ്പോൾ അത്തരം പരിപാടികളിൽ അവർക്ക് പങ്കെടുക്കാൻ കഴിഞ്ഞില്ലെന്ന്

വരും. അത് ആ ജോലിയുടെ പ്രത്യേക സ്വഭാവത്തിന്റെ ഭാഗമായി വന്നുചേരുന്നതാണ്.

ഈ സംവിധാനത്തിന്റെ കുറവുകൊണ്ടല്ല പോലീസുദ്യോഗസ്ഥർ വി.ആർ.എസ്. (വോളന്ററി റിട്ടയർമെന്റ് സ്കീം) എടുക്കുന്നത്. ഐ.പി.എസ്., ഐ.എ.എസ്. ഉദ്യോഗസ്ഥർ  വി.ആർ.എസ്. എടുക്കുന്നില്ലേ? അതൊക്കെ ഐ.എ.എസ്. വേണ്ടെന്ന് വയ്ക്കുന്നതുകൊണ്ടാണോ. ഇത്തരത്തിൽ എത്ര ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാൻ കഴിയും. മികച്ച ഓഫീസർമാരായിരുന്നവർ വി.ആർ.എസ്. എടുത്തിട്ടില്ലേ. മറ്റ് ചില ആവശ്യങ്ങളാണ് അവരെ അതിന് പ്രേരിപ്പിക്കുന്നത്.

പോലീസ് സ്റ്റേഷനുകളിൽ കൂടുതൽ സൗകര്യം വേണമെന്ന് പറഞ്ഞത് ശരിയാണ്. ആവശ്യമായ സൗകര്യങ്ങൾ നല്ല രീതിയിൽത്തന്നെ ഒരുക്കണമെന്ന് തന്നെയാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. ഏതെങ്കിലും തരത്തിലുള്ള രാഷ്ട്രീയ ഇടപെടലോ രാഷ്ട്രീയ സ്വാധീനമോ പോലീസ് സ്റ്റേഷനുകളിൽ നിലനിൽക്കുന്നുണ്ടെന്ന ആരോപണം ശരിയല്ല. പോലീസിന് തങ്ങളുടെ കൃത്യങ്ങൾ നിർവ്വഹിക്കാൻ പൂർണ്ണമായ അവകാശവും

സ്വാതന്ത്ര്യവുമുണ്ട്. ഒരു തരത്തിലുമുള്ള ബാഹ്യഇടപെടലുകളും ഇപ്പോൾ പോലീസ് സ്റ്റേഷനുകളെ ഭരിക്കുന്നില്ലെന്നതാണ് വസ്തുത. അതുകൊണ്ടുതന്നെ ഇത്തരം കാര്യങ്ങൾ സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്നാണ് വ്യക്തമാക്കാനുള്ളത്. സാമൂഹ്യപ്രാധാന്യമുള്ള ജോലികൾ നിർവ്വഹിക്കുമ്പോൾ പോലീസുദ്യോഗസ്ഥർക്ക് അതിന്റേതായ വിഷമങ്ങളുണ്ടാകുന്നുവെന്നത് ശരിയാണ്. കൃത്യസമയത്തുള്ള ഭക്ഷണത്തിനോ വിശ്രമത്തിനോപോലും സാധിക്കാത്ത സാഹചര്യമുണ്ടാകുന്നുണ്ട്. സാധാരണഗതിയിൽ ഒരു മണിക്ക് ഭക്ഷണം കഴിക്കാറുള്ള നിയമസഭാ സാമാജികർക്ക് ചില സന്ദർഭങ്ങളിലെങ്കിലും കൃത്യസമയത്ത് ഭക്ഷണം കഴിക്കാൻ സാധിക്കാറുണ്ടോ; സഭാസമ്മേളനത്തിന്റെ ഭാഗമായുള്ള ചർച്ചയും മറ്റും നീണ്ടുപോകുമ്പോൾ അതൊക്കെ കഴിയട്ടെയെന്ന് വിചാരിക്കാറില്ലേ; അങ്ങനെ നോക്കുമ്പോൾ ചിലപ്പോൾ ഭക്ഷണസമയംതന്നെ കഴിഞ്ഞുപോകാറില്ലേ; അതുകൊണ്ട് ഓരോ ജോലിക്കും അതിന്റെ പ്രത്യേകതയനുസരിച്ചുള്ള ചില ക്രമീകരണങ്ങളുമുണ്ട്. അത്തരം ക്രമീകരണങ്ങളുടെ ഭാഗമായി ചില പ്രയാസങ്ങളുണ്ടാകുന്നുണ്ടെന്നത് വസ്തുതയാണ്. പോലീസുകാർക്ക് ആവശ്യമായ വിശ്രമവും ആഴ്ചയിൽ ഓഫും

അർഹമായ അവധിയും അതോടൊപ്പം സ്ട്രസ് കുറയ്ക്കുന്നതിനുള്ള കൗൺസിലിംഗുമുണ്ടാകണം. കൃത്യമായി പരാതി കേൾക്കാനും അവയ്ക്ക് പരിഹാരമുണ്ടാക്കാനുമുള്ള സംവിധാനമുണ്ടാകണം. ഇക്കാര്യങ്ങളിലെല്ലാം സർക്കാർ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

സമൂഹത്തിൽ പുതിയ തരം കുറ്റകൃത്യങ്ങൾ ഉരുത്തിരിഞ്ഞ് വരികയാണ്. സൈബർ ക്രൈം, പൊതുജനങ്ങളുടെ സുരക്ഷ, വർധിക്കുന്ന ട്രാഫിക് നിയന്ത്രണം, പുതിയ നിയമങ്ങൾ, നിയമങ്ങളിലെ മാറ്റം ഇവയെല്ലാം കാരണം ജോലിഭാരം വർധിക്കുന്നുവെന്നത് ശരിയാണ്. അതനുസരിച്ച് അംഗബലം വർധിപ്പിക്കാനും സാങ്കേതികവിദ്യ കൂടുതലായി ഉപയോഗപ്പെടുത്തി ജോലിഭാരം കുറയ്ക്കാനും സർക്കാർ ചില നടപടികൾ സ്വീകരിച്ചുവരികയാണ്. സാമ്പത്തിക പരിമിതികളുണ്ടെങ്കിലും ഇത്തരം നടപടികൾ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ടെന്നതും വസ്തുതയാണ്. ജനങ്ങളുമായി ബന്ധപ്പെട്ട ജോലികൾ ചെയ്യാൻ മതിയായ പോലീസുകാരില്ലാത്ത സ്റ്റേഷനിൽനിന്ന് ഓഫീസ് ജോലികൾക്കും മറ്റും അവരെ നിയോഗിക്കുന്നത് ഒഴിവാക്കണമെന്ന കർശന നിർദ്ദേശവും നൽകിയിട്ടുണ്ട്. ഇവിടെ ജോലിയുടെ ഭാഗമായുണ്ടാകുന്ന സമ്മർദ്ദം പൂർണ്ണമായി ഇല്ലാതാക്കാൻ

കഴിയില്ല, കഴിയാവുന്നിടത്തോളം ലഘൂകരിക്കാൻ സർക്കാർ പരമാവധി കാര്യങ്ങൾ ചെയ്യുന്നതാണ്. ജോലിസമ്മർദ്ദംമൂലമോ കുടുംബപരമോ മാനസികമായ കാരണങ്ങൾകൊണ്ടോ പോലീസുകാർ ആത്മഹത്യ ചെയ്യുന്ന സാഹചര്യമുണ്ടാകാതിരിക്കാൻ ഉചിതമായ നടപടി സ്വീകരിക്കാൻ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പോലീസ് സേനയിൽ പ്രശ്നങ്ങളുണ്ടെങ്കിൽ അവ ഗൗരവമായിത്തന്നെ പരിശോധിക്കാൻ സർക്കാർ തയ്യാറാണ്. സമൂഹത്തിൽ ഏതൊക്കെ തരത്തിലുള്ള സംഘർഷങ്ങളാണുണ്ടാകുന്നത്, അവ ലഘൂകരിക്കാൻ എന്തെല്ലാം ചെയ്യേണ്ടതുണ്ട് തുടങ്ങിയ കാര്യങ്ങൾ ഗൗരവമായി പരിശോധിക്കുന്നതും നടപടി സ്വീകരിക്കാവുന്നതാണ്. ഇതെല്ലാം ഒരു വകുപ്പിന്റെയോ ഗവൺമെന്റിന്റെയോ മാത്രം വിഷയമായി കാണാതെ, സംസ്ഥാനത്തിന്റെ പൊതുവിലുള്ളൊരു കാര്യമായി പരിഗണിക്കേണ്ടതാണ്. ഈ ഘട്ടത്തിൽ ഏതെങ്കിലും തരത്തിൽ പോലീസിന്റെ മനോവീര്യം തകർക്കുന്ന തരത്തിലുള്ള ഇടപെടലുകളുണ്ടാകാതിരിക്കാൻ എപ്പോഴും ശ്രദ്ധിക്കേണ്ടതാണ്. ചില പ്രശ്നങ്ങളുണ്ടെന്നത് ശരിയാണ്. അവ എങ്ങനെ പരിഹരിച്ച് മുന്നോട്ടുപോകാൻ കഴിയുമെന്ന കാര്യം സർക്കാർ

പരിഗണിക്കുന്നതാണ്. ഒരു ആപൽബന്ധുവായാണ് പോലീസ് ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെന്ന കാര്യം നാം ഓർക്കേണ്ടതുണ്ട്. പ്രളയ-കോവിഡ് കാലഘട്ടങ്ങളിൽ നാമിത് കണ്ടതാണ്. മാത്രമല്ല, ഇത് പോലീസിന് പുതിയൊരു മുഖം നൽകിയിട്ടുണ്ടെന്നതും വസ്തുതയാണ്. ആ പോലീസ് സേനയെ കൂടുതൽ ആത്മവീര്യത്തോടെ പ്രവർത്തിക്കുന്ന ഒരു സേനയാക്കി മാറ്റുന്നതിനാവശ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിക്കുന്നതാണ്. അതുകൊണ്ട് ഈ വിഷയം സഭ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്ന് ഒരിക്കൽക്കൂടി പറയുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ സഭാ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അനുമതി നിഷേധിക്കുന്നു.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ ഉത്തരവാദിത്വപ്പെട്ടവരാണ് പോലീസുകാർ.

എന്നാൽ കഴിഞ്ഞ അഞ്ച് വർഷക്കാലയളവിനുള്ളിൽ 88 പോലീസുകാർ ആത്മഹത്യ ചെയ്തുവെന്ന ഞെട്ടിക്കുന്ന വിവരമാണ് പ്രമേയാവതാരകൻ ശ്രീ. പി. സി. വിഷ്ണുനാഥ് ഇവിടെ അവതരിപ്പിച്ചത്. അദ്ദേഹം അതിന്റെ തുടർച്ചയായി നടത്തിയ പ്രസംഗം ആ വിഷയത്തിന്റെ അടിസ്ഥാനകാരണം തേടിയുള്ളൊരന്വേഷണമായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിനെ ചെറുതായി കാണാൻ പാടില്ല. ശവശരീരങ്ങൾക്ക് പോലീസ് കാവൽ നിൽക്കരുതെന്നല്ല ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞത്. ശവശരീരങ്ങൾക്ക് കാവൽ നിൽക്കുകയെന്ന ഏറ്റവും ക്ലേശകരമായ ജോലിയുൾപ്പെടെ വൈവിദ്ധ്യമാർന്ന ജോലികൾ, ഒരു മനുഷ്യനാണോ ഇത് ചെയ്യുന്നത് എന്നുപോലും നാം സംശയിക്കുന്ന തരത്തിലുള്ള ജോലിഭാരമാണ് പോലീസുകാരുടെ മേൽ അടിച്ചേൽപ്പിക്കപ്പെട്ടിരിക്കുന്നത് എന്നാണ് അദ്ദേഹം പറഞ്ഞത്. ഒരുപാട് ആളുകൾ ചെയ്യേണ്ട ജോലി കുറച്ച് ആളുകൾ മാത്രം ചെയ്യുമ്പോഴുണ്ടാകുന്ന അമിത ജോലിഭാരം എങ്ങനെ മാനേജ് ചെയ്യണമെന്നതിനെക്കുറിച്ചാണ് പ്രമേയാവതാരകൻ വിശദമായി സംസാരിച്ചത്. ഇത്തരത്തിൽ പോലീസുകാർക്കുണ്ടാകുന്ന മാനസിക

പ്രയാസങ്ങളും അതിലൂടെ അവർക്കുണ്ടാകുന്ന അമിത സമ്മർദ്ദവും ദേഷ്യവും പ്രയാസവുമെല്ലാം സമൂഹത്തിലെ ക്രമസമാധാനത്തെ ഗുരുതരമായി ബാധിക്കുകയാണ്. പോലീസ് സ്റ്റേഷനിലെത്തുന്ന സാധാരണക്കാരെയും അത് ബാധിക്കുകയാണ്. പോലീസുകാർക്കുണ്ടാകുന്ന ദേഷ്യവും സങ്കടവും പ്രയാസവുമെല്ലാം അവർ സാധാരണക്കാരോട് തീർക്കുകയാണ്. ഇത് പഴയകാലമല്ല. പോലീസ് റോഡിലിറങ്ങിയാൽ ആളുകൾ വീടിനകത്ത് കയറുന്ന, കുട്ടികൾ പേടിച്ചോടുന്ന പഴയ കുട്ടൻപിള്ള പോലീസിന്റെ കാലമല്ല ഇത്. റിഫൈൻഡായിട്ടുള്ള പോലീസാണ് ഇന്നുള്ളത്. ആധുനിക സംവിധാനങ്ങളുപയോഗിച്ചുകൊണ്ട് അന്വേഷണങ്ങൾ നടത്തി കുറ്റംകൃത്യമില്ലാതാക്കാൻ നോക്കുന്ന, ജനങ്ങളുടെ കൂടെപ്പിറപ്പായി നിൽക്കുന്ന സംവിധാനമാണ് ഇന്ന് ലോകത്ത് എല്ലായിടത്തുമുള്ള പോലീസ്. എന്നിട്ടും ആ പഴയ രീതിയിലാണോ പോലീസുകാരെ നാം കാണേണ്ടത്? അവർക്കുണ്ടാകുന്ന അമിതി ജോലിഭാരം ജോലിയെ എങ്ങനെ ബാധിക്കുന്നുവെന്നതിന്റെ വിലയിരുത്തലല്ലേ വേണ്ടത്? അത് പോലീസിന്റെ ആത്മവീര്യം കളയാൻവേണ്ടി ചെയ്യുന്നതാണോ? ഇതൊരു യാഥാർത്ഥ്യമല്ലേ; ഇതൊരു

കണക്കല്ലേ? ഇത്രമാത്രം ആളുകൾ സമ്മർദ്ദത്തിലാകുന്നുവെന്നും അതിലൂടെ അവർക്ക് ജോലി ചെയ്യാൻ കഴിയാതെ പോകുന്നുവെന്നുമുള്ള വാർത്ത ഗൗരവമായി കാണേണ്ടതല്ലേ. 2023 ഡിസംബർ 7-ന് പോലീസുകാരുടെ മാനസിക സമ്മർദ്ദം ലഘൂകരിക്കാൻ കൗൺസിലിംഗ് ഉൾപ്പെടെ നിർദ്ദേശിച്ച് സംസ്ഥാന പോലീസ് മേധാവി നൽകിയ മാർഗ്ഗനിർദ്ദേശങ്ങളിൽ ആവശ്യത്തിന് അവധിയടക്കം കുടുംബാംഗങ്ങളോടൊപ്പം ആഘോഷവേളകൾ ചെലവിടാൻ പോലീസുകാർക്ക് അവസരം നൽകണമെന്ന് സർക്കുലറിൽ നിർദ്ദേശിച്ചിരുന്നു. എന്നിട്ടിവിടെ എന്ത് നടപടിയാണ് സ്വീകരിച്ചത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞതുപോലെയല്ല കാര്യങ്ങളെന്ന് മനസ്സിലാക്കണം. പോലീസുകാർക്ക് ആവശ്യത്തിനുപോലും അവധി കിട്ടുന്നില്ല. അതുകൊണ്ടാണ് മാനസിക സമ്മർദ്ദമുണ്ടാകുന്നതെന്ന് മനസ്സിലാക്കിയാണ് പോലീസ് മേധാവി സർക്കുലർ പുറപ്പെടുവിച്ചത്. എന്നിട്ട് ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇങ്ങനെ മറുപടി പറഞ്ഞാൽ എങ്ങനെ ശരിയാകും? ഒരു കുഴപ്പവുമില്ല, എല്ലാം നന്നായി പോകുന്നുവെന്നാണ് അദ്ദേഹം പറയുന്നത്. അതുതന്നെ വളരെ ഗുരുതരമായ പ്രശ്നമാണ്. കുടുംബാംഗങ്ങളോടൊപ്പം സമയം

ചെലവഴിക്കാൻ കഴിയുന്നില്ല, കുടുംബത്തിലെ കാര്യങ്ങളിൽ പങ്കെടുക്കാൻ കഴിയുന്നില്ല. കാൻസർ രോഗിയായ സ്വന്തം അമ്മയെ ആശുപത്രിയിൽകൊണ്ടുപോകാൻ അവധി ചോദിച്ചിട്ട് കൊടുക്കാത്തതിന്റെ പേരിൽ ആത്മഹത്യ ചെയ്ത പോലീസുകാരനുണ്ട്. അതുപോലെ ഭാര്യ ക്രിട്ടിക്കൽ കണ്ടീഷനിൽ  പ്രസവത്തിന് ആശുപത്രിയിൽ കിടക്കുമ്പോൾ അവധി ലഭിക്കാത്ത സമ്മർദ്ദത്തിനാൽ തലചുറ്റി വീണ പോലീസുകാരന്റെ കഥയുണ്ട്. അങ്ങനെ ഒരുപാട് സംഭവങ്ങളുണ്ട്, എല്ലാ കാര്യങ്ങളും ഇവിടെ പറയാൻ സാധിക്കില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞതുപോലെയല്ല കാര്യങ്ങൾ. പോലീസുകാരുടെ ഇത്തരം പ്രശ്നങ്ങൾ മനസ്സിലാക്കിയതുകൊണ്ടാണ് പോലീസ് മേധാവി അങ്ങനെയൊരു സർക്കുലർ പുറപ്പെടുവിച്ചതെന്ന് അത് വായിച്ചാൽ മനസ്സിലാകും. ആ സർക്കുലറിൽത്തന്നെ ഇത്തരം കണ്ടെത്തലുകൾ അടങ്ങിയിട്ടുണ്ട്. പക്ഷെ, അത് എങ്ങനെ പരിഹരിക്കാൻ കഴിയും. ഈ സർക്കുലർകൊണ്ട് ഏതെങ്കിലും തരത്തിലുള്ളൊരു മാറ്റം പോലീസ് സേനയിലുണ്ടായോ? ട്രെയിനിംഗ് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ പല രീതിയിലുള്ള മാറ്റങ്ങളുണ്ടാകേണ്ടി വരും.

മേലുദ്യോഗസ്ഥന്മാരുടെ സമ്മർദ്ദം അവർ താഴേയ്ക്ക് കൊടുക്കുകയാണ്. എനിക്കൊരു പോലീസുദ്യോഗസ്ഥൻ ഒരു വോയ്സ് മെസ്സേജ് കേൾപ്പിച്ചുതന്നു, ഒരു മേലുദ്യോഗസ്ഥൻ അദ്ദേഹത്തോട് പറഞ്ഞ ചീത്തയാണ്, കേട്ടാൽ ചെവി പൊട്ടിപ്പോകുന്ന തരത്തിലാണത്. ഇത് കേൾക്കുന്ന സാധാരണ പോലീസുകാരൻ ആരോടാണ് ഇതൊക്കെ പറഞ്ഞ് തീർക്കുന്നത്? പോലീസ് സ്റ്റേഷനിൽ പരാതി കൊടുക്കാനെത്തുന്ന പൊതുജനങ്ങളോടാണ് ഇത്തരം പോലീസുകാരുടെ അമർഷം മുഴുവൻ തീർക്കുന്നത്. മേലുദ്യോഗസ്ഥരിൽ നിന്നും ലഭിക്കുന്ന സ്ട്രസ്സും സ്ട്രെയിനുമെല്ലാം പോലീസുകാർ കീഴുദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും  കൊടുത്തുകൊണ്ടിരിക്കുകയാണ്. ട്രെയിനിംഗ് ക്യാമ്പിൽ ഇതൊന്നും പഠിപ്പിക്കുന്നില്ലല്ലോ. അപ്പോൾ ആധുനികമായ സംവിധാനങ്ങളല്ല ഉപയോഗിക്കുന്നതെന്നാണ് ഇതിലൂടെ വെളിവാകുന്നത്. അനധികൃത സ്ഥലംമാറ്റങ്ങൾ.., പോലീസുകാരുടെ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് ആരൊക്കെയാണ് ഇടപെടുന്നത്. 'ബാഹ്യ ഇടപെടൽ കേരള പോലീസിൽ ഇല്ല' എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി എത്ര ഭംഗിയായാണ് ഇവിടെ പ്രസ്താവിച്ചത്. കേരള പോലീസിൽ ബാഹ്യ ഇടപെടലുകളില്ലെന്ന് ബഹുമാനപ്പെട്ട

മുഖ്യമന്ത്രിക്ക് നെഞ്ചിൽ കൈവച്ച് പറയാൻ പറ്റുമോ? പോലീസിലെ അധികാരശ്രേണിയിലുള്ള മേലുദ്യോഗസ്ഥർ പറഞ്ഞാൽ കീഴുദ്യോഗസ്ഥർ അനുസരിക്കാറുണ്ടോ? പോലീസ് സൂപ്രണ്ടിനെ നിയന്ത്രിക്കുന്നത് ആരാണ്? ജില്ലാ കമ്മിറ്റികളല്ലേ. എസ്.എച്ച്.ഒ. മാരെ നിയന്ത്രിക്കുന്നത് ആരാണ്? ഏരിയ കമ്മിറ്റികളല്ലേ. എത്രയോ സംഭവങ്ങൾ ഈ നാട്ടിലുണ്ടായി ....(ബഹളം)....

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിക്കട്ടെ.

ശ്രീ. വി. ഡി. സതീശൻ: സർ, നിങ്ങൾക്ക് സംശയമുണ്ടെങ്കിൽ ഞാൻ പറഞ്ഞുതരാം. നാഷണൽ ഹൈവേയിൽ ഒരു ക്രിമിനൽ തോക്ക് ചൂണ്ടി ചില്ല് തല്ലിപ്പൊട്ടിച്ചതിനെത്തുടർന്ന് അവർ പോലീസ് സ്റ്റേഷനിലേയ്ക്ക് വിളിച്ചപ്പോൾ ഏത് ക്രിമിനലാണെന്നും അയാളുടെ പേരെന്താണെന്നും പോലീസുകാർ ചോദിച്ചു. തുടർന്ന്, അയാളുടെ പേര് പറഞ്ഞപ്പോൾ 'അതാണെങ്കിൽ നിങ്ങൾ സ്ഥലം വിട്ട് പൊയ്ക്കോളൂവെന്നും അത് ഇവിടത്തെ ഏരിയ സെക്രട്ടറിയുടെ സ്വന്തം ആളാണ്' എന്നുമുള്ള മറുപടിയാണ് പോലീസ് സ്റ്റേഷനിൽ നിന്നും ലഭിച്ചത്. എന്നിട്ടും അവർ പോലീസ് സ്റ്റേഷനിലെത്തി പരാതി കൊടുത്തപ്പോൾ 'ഇയാൾക്ക് എതിരെയാണെങ്കിൽ, ഈ ക്രിമിനലിനെതിരായാണെങ്കിൽ കേസും

പരാതിയുമൊന്നും നൽകാതിരിക്കുന്നതാണ് നല്ലതെന്നും കാരണം അയാളെ സംരക്ഷിക്കാൻ വേറെ ആളുണ്ട് എന്നുമുള്ള ഉപദേശമാണ് അവിടത്തെ എസ്.എച്ച്.ഒ. നൽകിയത്. ചാലക്കുടിയിൽ എൽ.ഡി.എഫ്. പാർട്ടിപ്രവർത്തകൻ പോലീസ് ജീപ്പിന്റെ മുകളിൽ കയറിനിന്ന് ജീപ്പിന്റെ ഗ്ലാസ്സ് തല്ലിപൊളിച്ചില്ലേ. പോലീസ് അയാളെ അറസ്റ്റ് ചെയ്തുകൊണ്ടുപോയപ്പോൾ ജീപ്പിൽനിന്നും ആരാണ് ഇറക്കിക്കൊണ്ടുപോയത്? അവിടത്തെ ഏരിയ സെക്രട്ടറി. എന്നിട്ട് ആ ഏരിയ സെക്രട്ടറിയെ അറസ്റ്റ് ചെയ്തോ? പിന്നീട് ചാലക്കുടി എസ്.ഐ.യെ റോഡിലിട്ട് പേപ്പട്ടിയെപ്പോലെ തല്ലിക്കൊല്ലുമെന്ന് അവിടത്തെ ഒരു പ്രധാനപ്പെട്ട നേതാവ് പ്രസംഗിച്ചല്ലോ, സർക്കാർ നടപടിയെടുത്തോ? ഇത്രയൊക്കെ സംഭവിക്കുമ്പോഴും ബാഹ്യഇടപെടലുകൾ പോലീസിലില്ലെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത്. പോലീസ് സേനയിലെ മേലുദ്യോഗസ്ഥർ പറയുന്നതല്ല പോലീസുദ്യോഗസ്ഥർ അനുസരിക്കുന്നത് പകരം, പോലീസ് സ്റ്റേഷനുകളിൽ ഇടപെടുന്ന ഇത്തരക്കാർ പറയുന്ന കാര്യങ്ങളാണ് അവർ അനുസരിക്കുന്നത്. (ബഹളം)....

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിക്കട്ടെ.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ക്രിമിനലുകൾക്ക് political patronage കൊടുക്കുന്നുവെന്ന് ഈ സഭയിൽ ആരോപണം ഉന്നയിച്ചവരാണ് പ്രതിപക്ഷത്തിരിക്കുന്നത്. സ്വർണ്ണ കള്ളക്കടത്ത് സംഘങ്ങൾക്ക്, സ്വർണ്ണം മോഷ്ടാക്കൾക്ക്, മയക്കുമരുന്ന് സംഘങ്ങൾക്ക് എല്ലാം ഈ സംസ്ഥാനത്ത് political patronage കൊടുക്കുന്നുവെന്ന് ഈ സഭയിൽ പറഞ്ഞപ്പോൾ ബഹളമുണ്ടാക്കിയ ആളുകളാണ് ഇന്ന് ഇതെല്ലാം കേട്ടുകൊണ്ടിരിക്കുന്നത്. Political patronage-നെക്കുറിച്ച് ഗൗരവത്തോടുകൂടി എൽ.ഡി.എഫ്.-കാർതന്നെ ഇപ്പോൾ പറഞ്ഞുകൊണ്ടിരിക്കുകയാണ്. ...(ബഹളം).... ഞാൻ മാരുതി കാറിന്റെ ഞാൻ കാര്യം പറയണ്ടല്ലോ. ആ political patronage ക്രിമിനലുകൾക്ക് കൊടുക്കുന്ന ഒരു നാട്ടിൽ പോലീസിന് എന്താണ് ജോലി? ബാഹ്യമായ യാതൊരിടപെടലും കേരളത്തിലെ പോലീസിലില്ലെന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഒറ്റ പ്രസ്താവനയിന്മേലാണ് ഞാൻ മറുപടി പറഞ്ഞത്.

പി.എസ്.സി. നിയമനങ്ങളുടെ കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പണ്ടുമുതലേ എടുക്കുന്നൊരു നിലപാടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി. ലിസ്റ്റുകൾ വെട്ടിച്ചുരുക്കിയല്ലോ. കഴിഞ്ഞ ദിവസം എന്റെ മുന്നിൽ വന്ന ഒരു പരാതി ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അയച്ചിട്ടുണ്ട്. 32 വേക്കൻസി റിപ്പോർട്ട് ചെയ്തിട്ടുള്ള ഒരു തസ്തികയുടെ ലിസ്റ്റിൽ 20 പേർ മാത്രമാണുള്ളത്. കാരണം, അത്രത്തോളം വെട്ടിചുരുക്കിയിരിക്കുകയാണ്. വിവരാവകാശ നിയമപ്രകാരം കേരളത്തിലെ ഓരോ പോലീസ് ജില്ലകളിലുമുള്ള റിപ്പോർട്ട് ചെയ്യപ്പെടാത്ത വേക്കൻസികളുടെ ലിസ്റ്റുമായാണ് പോലീസ് ലിസ്റ്റിലുൾപ്പെട്ട ഉദ്യോഗാർത്ഥികൾ സമരം ചെയ്തത്. എല്ലാ അംഗീകൃത തസ്തികയിലും ആളുകളെ നിയമിച്ചുവെന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസ്താവന ശരിയല്ല. റിപ്പോർട്ട് ചെയ്യാത്ത നിരവധി വേക്കൻസികൾ ജില്ലകളിലെ നിരവധി പോലീസ് സ്റ്റേഷനുകളിലുമുണ്ട്. ഇതുസംബന്ധിച്ച് 20 പോലീസ് ജില്ലകളിലേയും മേധാവികളിൽനിന്നും ഒരു റിപ്പോർട്ട് വാങ്ങണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ലിസ്റ്റിലുൾപ്പെട്ടവർ സ്വാഭാവികമായും ഇങ്ങനെയൊക്കെ പറഞ്ഞെന്നുവരും. പക്ഷേ, അങ്ങയെപ്പോലൊരാൾ പി.എസ്.സി. ലിസ്റ്റിനെയാകെ ഇത്തരത്തിൽ കുറ്റപ്പെടുത്തുന്നത് ശരിയല്ല. കാരണം, ഒഴിവുള്ള തസ്തികകളാണ്, സീറ്റുകളാണ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നത്. ആ ഒഴിവ് റിപ്പോർട്ട് ചെയ്യപ്പെടുന്ന നിശ്ചിത തീയതി മാത്രമല്ല, ഭാവിയിലുണ്ടാകാവുന്ന ഒഴിവുകൾ കൂടി കണക്കാക്കി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്ന രീതിയാണ് പോലീസ് റിക്രൂട്ട്മെന്റിൽ സ്വീകരിച്ചിട്ടുള്ളത്. അക്കാര്യത്തെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. വസ്തുത അങ്ങ് മനസ്സിലാക്കണം.

ശ്രീ. വി. ഡി. സതീശൻ: സർ, പോലീസ് ലിസ്റ്റിൽ വന്നതിനുശേഷവും 20 പോലീസ് ജില്ലകളിലും ഒഴിവുകൾ നിലവിലുണ്ടെന്ന് വിവരാവകാശ നിയമപ്രകാരം ഉദ്യോഗാർത്ഥികൾക്ക് വിവരം കിട്ടിയിട്ടുണ്ട്. ആ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നില്ല. പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്താലല്ലേ അഡ്വൈസ് മെമ്മോ ലഭിക്കുകയുള്ളൂ. അങ്ങനെയുള്ള നൂറുകണക്കിന് ഒഴിവുകൾ ഇപ്പോഴും നിലവിലുണ്ട്. നേരത്തേ ഇവിടെ

സൂചിപ്പിച്ചതുപോലെ സമൂഹത്തിലെ ക്രമസമാധാനപാലനം മാത്രമല്ലല്ലോ പോലീസിന്റെ ജോലി; ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞ കാര്യങ്ങളൊന്നും ഞാനിവിടെ ആവർത്തിക്കുന്നില്ല. കാരണം 20 കൊല്ലം മുമ്പുണ്ടാകാതിരുന്ന അല്ലെങ്കിൽ അന്നുണ്ടായിരുന്നതിന്റെ നൂറിരട്ടി ജോലികൾ (സൈബർ ക്രൈം ഉൾപ്പെടെയുള്ള കാര്യങ്ങൾ) പുതുതായി പോലീസ് സേനയിൽ വരികയാണ്. എല്ലാവരും എല്ലാം നോക്കണം, കുറ്റാന്വേഷണവും നടത്തണം, ലാ ആൻഡ് ഓർഡറും നോക്കണം, സൈബർ ക്രൈമുകളെപ്പറ്റി നോക്കണം, എല്ലാവരും എല്ലാ കാര്യങ്ങളും നിർവ്വഹിക്കേണ്ട, തികച്ചും അശാസ്ത്രീയമായൊരു സംവിധാനമാണ് ഇപ്പോൾ പോലീസിൽ നിലവിലുള്ളത്. അത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാത്രം രൂപപ്പെട്ടുവന്നുവെന്നല്ല പറയുന്നത്. എന്നാലിപ്പോൾ 8 വർഷമായി എൽ.ഡി.എഫ്. സർക്കാരാണ് അധികാരത്തിലിരിക്കുന്നത്. അത് തികച്ചും സങ്കീർണ്ണമായൊരു പ്രശ്നമാണ്. ജനങ്ങളുടെ ക്രമസമാധാനത്തെയും അവരുടെ ജീവനും സ്വത്തും സംരക്ഷിക്കുകയെന്ന പ്രഥമ ജോലി നിർവ്വഹണത്തെപ്പോലും സാരമായി ബാധിക്കുന്ന തരത്തിൽ ഇതൊക്കെ ഗൗരവമായി മാറുന്നുവെന്ന യാഥാർത്ഥ്യം

നാം മനസ്സിലാക്കണം. ഈ ലെജിസ്ലേച്ചറിലെ പോലീസ് സംവിധാനത്തെക്കുറിച്ചും മേലുദ്യോഗസ്ഥരെക്കുറിച്ചും ധാരാളം പരാതികൾ പോയിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട സ്പീക്കറോട് പറയാൻ ആഗ്രഹിക്കുകയാണ്. അത് അങ്ങയുടെ നിയന്ത്രണത്തിലുള്ള കാര്യമല്ല. എല്ലാവരും സംയുക്തമായി ചേർന്ന് നൽകിയൊരു പരാതി കണ്ടപ്പോൾ ഞാൻ വിഷമിച്ചുപോയി. വളരെ മോശമായ രീതിയിലാണ് അവരെ കൈകാര്യം ചെയ്യുന്നത്. ഇവിടെയുള്ള വാച്ച് ആൻഡ് വാർഡിന്റെ നൂറിരട്ടി ജോലി ചെയ്യുന്നവരാണ് സാധാരണ പോലീസ് സ്റ്റേഷനിൽ ജോലി ചെയ്യുന്ന പോലീസുകാർ. അതുകൊണ്ട് ജോലി ചെയ്യാൻ കഴിയാത്തൊരു സാഹചര്യത്തിലേയ്ക്ക് അവരെ തള്ളിവിടാതെ പോലീസ് സേനയ്ക്കാവശ്യമായ ആളുകളുടെ എണ്ണം വർദ്ധിപ്പിച്ച് ജോലിഭാരം കൃത്യമായി നിർവ്വചിച്ചുകൊണ്ടുള്ള ഒരു സംവിധാനമുണ്ടാകണം. പക്ഷേ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ വിഷയങ്ങളെല്ലാം ലഘൂകരിച്ച് എല്ലാം നന്നായി പോവുകയാണെന്നാണ് പറയുന്നത്. ഇതുസംബന്ധിച്ച് യാതൊരു നടപടയും സ്വീകരിച്ചിട്ടില്ല. ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞതുപോലെ, സഭയുടെ ചരിത്രത്തിലാദ്യമായിട്ടാണ് പോലീസുമായി ബന്ധപ്പെട്ട് വളരെ

ഗൗരവമായൊരു കാര്യം ഇവിടെ ചർച്ച ചെയ്യുന്നത്. ഇതുസംബന്ധിച്ച് യാതൊരു നടപടിയും സ്വീകരിക്കാത്തതിൽ ഞങ്ങൾ ശക്തമായി പ്രതിഷേധിക്കുന്നു. മാത്രമല്ല, നടപടി സ്വീകരിക്കാൻ സർക്കാരിന് പ്രേരണ നൽകണമെന്ന് കരുതി തന്നെയാണ് ഈ വിഷയം നിയമസഭയിൽ അവതരിപ്പിച്ചത്. അതിൽ നടപടിയൊന്നും സ്വീകരിക്കാൻ തയ്യാറാകാത്ത സർക്കാരിന്റെ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ഡോ. എം. കെ. മുനീർ: സർ, മേലുദ്യോഗസ്ഥരുടെ പീഡനത്തിന് വിധേയമാകുന്നുവെന്നതിന്റെ ഏറ്റവും വലിയ തെളിവായി ഉമേഷ് എന്ന ആറന്മു പൊലീസ് സ്റ്റേഷനിലെ സീനിയർ സിവിൽ പോലീസ് ഓഫീസർ എഴുതിയ ഫെയ്സ് ബുക്ക് പോസ്റ്റിന്റെ ഒറ്റവരി നോക്കിയാൽ മതിയാകും. അതൊരു കടന്നവരിയാണ്. ശമ്പളം ലഭിക്കാതെയും അവധി ലഭിക്കാതെയും നിരന്തരം പീഡനത്തിന് ഇരയായി ആത്മഹത്യ ചെയ്താൽ, ആ വാർത്ത കേൾക്കുമ്പോൾ പട്ടി ചത്തുവെന്ന് കേൾക്കുന്നതിനപ്പുറം എന്തെങ്കിലും വികാരം അയാളെ

പട്ടിണിക്കിട്ട ഏമാനും ശിങ്കിടികൾക്കുമുണ്ടാകുമോയെന്നും സാമ്പത്തിക അച്ചടക്കമില്ലായ്മമൂലം എന്നല്ലാതെ മറ്റെന്തെങ്കിലും നേതാവിന്റെ പഠന റിപ്പോർട്ടിൽ പറയുമോയെന്നാണ് ഉമേഷ് ചോദിച്ചത്. ഉമേഷിന്റെ മാനസികാവസ്ഥ എന്താണെന്ന് അറിയണ്ടേ; അദ്ദേഹത്തിന്റെ മേലുദ്യോഗസ്ഥർ അദ്ദേഹത്തോട് പ്രതികാരം ചെയ്തെന്നും രണ്ട് മാസം ശമ്പളം നൽകിയില്ലെന്നും ഭക്ഷണത്തിനും മക്കളുടെ പഠനത്തിനുപോലും ഞാൻ പ്രയാസമനുഭവിക്കുകയാണെന്നും ഉമേഷുതന്നെ പറയുന്നുണ്ട്. അതുകൊണ്ടാണ് ധാരാളം പ്രശ്നങ്ങൾ പോലീസ് സേനയിലുണ്ടെന്ന് പറഞ്ഞത്. അതിൽ പ്രധാനമായും ജോലിഭാരമാണ്. അതിനുപുറമെ മേലുദ്യോഗസ്ഥർ കീഴുദ്യോഗസ്ഥരോട് കാണിക്കുന്ന ഇത്തരം മോശം പ്രവണതയുമുണ്ട്. പോലീസുകാരുടെ ആത്മഹത്യയും സ്വയം വിരമിക്കലുമുൾപ്പെടെയുള്ള കാര്യങ്ങൾ ഗവേഷണം നടത്തുന്നതിനുവേണ്ടി ലക്ഷ്യമിട്ടിട്ടാണ് പൊലീസ് റിസർച്ച് സെന്റർ പ്രവർത്തനം ആരംഭിക്കാൻ തീരുമാനിച്ചത്. എന്നാലിതുവരെ അത് ആരംഭിച്ചിട്ടില്ല. കെട്ടിടം പണിത് രണ്ടുവർഷമായിട്ടും വൈദ്യുതി കണക്ഷൻപോലും ലഭിച്ചിട്ടില്ലെന്നാണ് റിപ്പോർട്ട്. അതിന്റെ പ്രവർത്തനം

ആരംഭിച്ചോയെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരിശോധിക്കണം. 2016-ലെ റിപ്പോർട്ടിൽ അഞ്ഞൂറ് പൗരൻമാർക്ക് ഒരു പോലീസ് വേണമെന്നിരിക്കെ 656 പൗരൻമാരക്ക് ഒരു പൊലീസെന്ന ശരാശരിയാണ് നിലവിലുള്ളത്. 2016-ലെ റിപ്പോർട്ടുപ്രകാരം 8000 പോലീസുകാരുടെ അഭാവമുണ്ട്. അതിനാൽ ഒന്നുകൂടി പഠനം നടത്തി എത്ര പോലീസുകാരുടെ കുറവുണ്ടെന്നും ഏതുരീതിയിൽ പോലീസുകാരെ വിന്യസിക്കണമെന്നും ആവശ്യമില്ലാത്ത സ്ഥലങ്ങളിൽ പോലീസിനെ കൂടെകൊണ്ടുനടക്കുന്നതെന്നൊക്കെ പരിശോധിച്ച് പോലീസുകാരെ അവരുടെ ജോലിയിലേയ്ക്ക് തിരിച്ചയയ്ക്കണം. അല്ലെങ്കിൽ അങ്ങയുടെ കൂടെയുള്ളവർത്തന്നെ മാനസിക സമ്മർദ്ദത്താൽ വഴിയിലൂടെ പോകുന്നവരെയെല്ലാം തല്ലുന്ന അവസ്ഥയിലേയ്ക്ക് പോകുമെന്നതുകൂടി അങ്ങയുടെ ശ്രദ്ധയിലുണ്ടാകണമെന്ന് പറഞ്ഞുകൊണ്ട് ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. ജെ. ജോസഫ്: സർ, ഗൗരവതരമായ ഈ വിഷയം ചർച്ച ചെയ്യാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, കേരളത്തിൽ 88 പോലീസുകാർ ആത്മഹത്യ ചെയ്തുവെന്നത് വളരെ ഗൗരവമായി സർക്കാർ നോക്കി കാണേണ്ട വസ്തുതയാണ്. അതിലെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നങ്ങളിലൊന്ന് പോലീസിന്റെ സ്ട്രെങ്ത്തിന്റെ കുറവാണ്. പോലീസിന്റെ ക്രൂരതകൾ വർദ്ധിക്കുന്നുവെന്ന് പറയുമ്പോൾ, അമിതമായ സമ്മർദ്ദം പൊലീസ് സാധാരണക്കാരിലേയ്ക്ക് അടിച്ചേൽപ്പിക്കുന്നുവെന്നത് യാഥാർഥ്യമാണ്. ടൂറിസം പോലീസിനെ മുമ്പ് പല സ്ഥലങ്ങളിലും കാണാൻ സാധിക്കുമായിരുന്നു. എന്നാലിപ്പോൾ അതിനെപോലും കാണാൻ സാധിക്കുന്നില്ല. റൂറൽ ഏരിയയിൽ ട്രാഫിക് നിയന്ത്രിക്കുന്നതിൽ പലപ്പോഴും പൊലീസുകാരുടെ അഭാവം ധാരാളമായിട്ടുണ്ട്. മറ്റുപല രീതികളിലൂടെ ട്രാഫിക് വാർഡർമാരെ ക്രമീകരിച്ചുവിടുന്നതായാണ്

കാണാൻ സാധിക്കുന്നത്. ഇതുസംബന്ധിച്ച് അന്വേഷിക്കുമ്പോൾ പോലീസ് സേനയ്ക്ക് സ്ട്രെങ്ത്തില്ലെന്നാണ് അറിയുന്നത്. പോലീസിന്റെ സ്ട്രെങ്ത്തിന്റെ കുറവ് ഇവരുടെ ജോലിയെ സാരമായി ബാധിച്ചുകൊണ്ടിരിക്കുന്നു. 1991-ൽ എം. കെ. ജോസഫ് കമ്മീഷനുശേഷം ഈ മേഖലയിൽ ആധികാരികമായൊരു പഠനം ഗവൺമെന്റ് നടത്തിയിട്ടില്ലെന്നത് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇതുസംബന്ധിച്ച ഇനിയൊരു പഠനത്തിന്റെ ആവശ്യമൊന്നുമില്ല. അമിതമായ രാഷ്ട്രീയ ഇടപെടലുകൾ പോലീസിനെ രാഷ്ട്രീയവത്ക്കരിക്കുന്നു. അവരുടെ അമിതമായ ജോലിഭാരം കാരണം ആത്മഹത്യകൾ വർദ്ധിക്കും. അതിനാൽ ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി.)

<u>ശ്രീമതി കെ. കെ. രമ</u>: സർ, കേരളത്തിലെ ഭൂരിഭാഗം പൊലീസുകാരും നീതി നിഷേധിക്കപ്പെട്ട് ജോലി ചെയ്യുന്നവരാണ്. സേനയിലുള്ള സമ്മർദ്ദങ്ങൾ വലിയ തോതിൽ അനുഭവിച്ചാണ് അവർ കൃത്യനിർവ്വഹണം നടത്തുന്നത്. യുവാക്കളുടെ അഭിമാനമായി കരുതിയിരുന്ന എസ്.ഐ. കുപ്പായം അഴിച്ചുവച്ച്

ഹവിൽദാറായി തിരുവനന്തപുരത്ത് ജോലി ചെയ്യുന്ന കിരൺ എന്നൊരു പോലീസുദ്യോഗസ്ഥനെ കഴിഞ്ഞ ദിവസം നമ്മൾ പത്രമാധ്യമങ്ങളിലൂടെ അറിയാനിടയായി. ഇതെല്ലാം പോലീസ് സേനയിലുള്ള സമ്മർദ്ദങ്ങളെയാണ് കാണിക്കുന്നത്. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭ വിട്ട് പുറത്തുപോയി.

(സഭ വിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)